മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 34 THE ONLINE OFFICIAL NEWS BULLETIN 2025 August 21

SEASON OF TRANSFIGURATION തേജസ്കരണകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
24 2 2nd Sunday after Shunoyo Comme. of St. Mathew the Apostle 7th Mem. Of Thomas Mar Athanasios (Othara Dayara)	25 6	26 2	27 6	28 2	29 6 Comme. of St. John the Baptist 87th Mem. of Mattackal Alexanderayos Malpan (Niranam Palli)	30 2 Mar Gabrieal Episcopa (Kottayam Cheriya Palli)



ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 34–ാം ശ്രാദ്ധപ്പെരുന്നാൾ മുളക്കുളം കർമ്മേൽകുന്ന് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ പ. കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ ആഘോഷിച്ചു.



മലങ്കര ഓർത്തഡോക്സ് സഭ പ്രാർത്ഥനായോഗത്തിന്റ നേതൃത്വത്തിൽ ആരംഭിച്ച ചാരെ പദ്ധതിയുടെ ഉദ്ഘാടനം പത്തനംതിട്ട മാക്കാംകുന്നു സെന്റ് സ്റ്റീഫൻസ് പള്ളിയിൽ പ. ബസെലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ നിർവ്വഹിക്കുന്നു. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.



സഖറിയാ മാർ അന്തോനിയോസിന്റെ രണ്ടാം ഓർമ്മപ്പെരുന്നാൾ ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമത്തിൽ ആചരിച്ചു.



തുമ്പമൺ ഭദ്രാസന പ്രാർത്ഥനയോഗം പുതുതായി ആരംഭിക്കുന്നു വേദ പഠന പദ്ധതിയുടെ പാഠപുസ്തകം പരിശുദ്ധ കാതോലിക്കാ ബാവ, കുര്യാക്കോസ് മാർ ക്ലീമിസ് വലിയ മെത്രാപ്പോലീത്തായ്ക്കു നൽകിക്കൊണ്ട് പ്രകാശനം ചെയ്യുന്നു. ഫാ. അജു ഫിലിപ്പ്, സജു ജോർജ്, ഫാ. ബിജു മാത്യു, ഡോ. എബ്രഹാം മാർ സെറാഫിം, മാത്യൂസ് മാർ തേവോദോസിയോസ് എന്നിവർ സമീപം




കോട്ടയം ഭദ്രാസന ശതോത്തര സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ട ധനശേഖരണാർത്ഥം നടത്തുന്ന സംഭാവന കൂപ്പണുകളുടെ വിതരണോദ്ഘാടനം ഇടവക മെത്രാപ്പോലീത്ത അഭി.ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചു. സ്കറിയ ജേക്കബ് കക്കാട്, പുതുപ്പറമ്പിൽ ജോർജ് പി മാത്യു എന്നിവരിൽ നിന്നും ആദ്യ തുക സ്വീകരിച്ചു. എല്ലാ പള്ളികൾക്കുമുള്ള കൂപ്പണുകൾ വികാരിമാരും കൈസ്ഥാനിമാരും സെക്രട്ടറിമാരും ചേർന്ന് ഏറ്റുവാങ്ങി.

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1961)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



19-3-1961. രാവിലെ ഏഴു മണിക്ക് സിംഹാസനപള്ളിയിലേക്കു തിരിച്ചു. സേവേറിയോസ് മെത്രാപ്പോലീത്തായും ഉണ്ടായിരുന്നു. സേവേറിയോസ് മെത്രാച്ചൻ, മേക്കാട്ടുകുളം ദാവീദ് കത്തനാർ എന്നിവരോടു കൂടി മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. കബറുങ്കൽ (സ്ലീബാ മാർ ഒസ്താത്തിയോസ്) ധൂപം വച്ചു. ഒരു ലഘു പ്രസംഗം ചെയ്തു. കാപ്പിമേശ കഴിഞ്ഞ് ആർത്താറ്റ് വലിയപള്ളിയിൽ എത്തി വിശ്രമിച്ചു. കുട്ടിയപ്പൻ, ജോർജുകുട്ടി, ചാക്കോച്ചൻ, കൊച്ചുകൊച്ച് തുടങ്ങിയവർ വന്നിരുന്നു. നമസ്കാരം കഴിഞ്ഞ് കുന്നംകുളം പഴയപള്ളിയിലേക്കു ആഘോഷസമേതം പോയി. മീറ്റിംഗിൽ തീമോത്തിയോസ് മെത്രാച്ചൻ, ഒസ്താത്തിയോസ് മെത്രാച്ചൻ, സേവേറിയോസ് മെത്രാച്ചൻ, അത്താനാസ്യോസ് മെത്രാച്ചൻ എന്നിവർ സന്നിഹിതരായിരുന്നു. കെ. ഫീലിപ്പോസ് കത്തനാർ, ചാക്കോ ജോർജ്, എം. ഏബ്രഹാം എന്നിവരും അത്താനാസ്യോസ്, തീമോത്തിയോസ് എന്നീ മെത്രാന്മാരും പ്രസംഗിച്ചു. ധാരാളം ആളുകൾ സംബന്ധിച്ചിരുന്നു. വൈദികരും ധാരാളം ഉണ്ടായിരുന്നു. 9 മണിയോടു കൂടി പഴയപള്ളിയിലേക്കു തിരിച്ചുപോന്നു. ഗബ്രിയേൽ കത്തനാർ, മാനേജർ ജേക്കബ് കത്തനാർ എന്നിവരും വന്നിരുന്നു. കാതോലിക്കേറ്റ് പാലസ് കൂദാശ ചെയ്തു.

20-3-1961. ഡോ. അലക്സാണ്ടർ കുത്തിവച്ചു, പാറമേൽ കുറിയാക്കോസ് കത്തനാർ വന്നു.

21-3-1961. പഴഞ്ഞി പള്ളിക്കാർ വന്ന് നമ്മെ കണ്ടു. സി. വി. ഏബ്രഹാം കത്തനാർ, യൗസേഫ് കത്തനാർ, പി. റ്റി. ശമുവേൽ എന്നിവരും ഉണ്ടായിരുന്നു. തീമോത്തിയോസ് മെത്രാച്ചനെ കാണുവാൻ പഴയ പള്ളിയിൽ പോയി. ഒസ്താത്തിയോസ് മെത്രാച്ചനും അവിടെ ഉണ്ടായിരുന്നു.

22-3-1961. പുത്തൻകാവിൽ നിന്നും ജോൺ കത്തനാർ അവിടെ കൊഴുവല്ലൂർ എന്ന സ്ഥലത്ത് നമ്മുടെ മാനേജുമെന്റിൽ ഒരു സ്കൂൾ തുടങ്ങുന്നതിന് അനുവാദം ചോദിക്കുന്നതിനായി വന്നു. ഉമ്മനും ഉണ്ടായിരുന്നു. ആരക്കുന്നം സഖറിയാ കത്തനാരും ചാക്കോ മാസ്റ്ററും വന്നു. മൂലേപ്പാട്ടയിൽ വറുഗീസ് വന്നു. കോട്ടയത്തു നിന്നു മാനേജർ ജേക്കബ് കത്തനാരും നൈനാനും ഉപ്പൂട്ടിൽ കുഞ്ഞച്ചനും വന്നിരുന്നു.

23-3-1961. റിട്ടയാർഡ് മജിസ്ട്രേറ്റ് താരു വന്നിരുന്നു. കൊച്ചുമകളുടെ കുട്ടിയുടെമേൽ കൈവച്ചു പ്രാർത്ഥിച്ചു. എം. ഏബ്രഹാം വന്നിരുന്നു.

24-3-1961. വി. കുർബ്ബാന പുലിക്കോട്ടിൽ ജോസഫ് കത്തനാർ ചൊല്ലി. നാം കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു.

25-3-1961. വികാരി ജോസഫ് കത്തനാർ കുർബ്ബാന ചൊല്ലി. നാം പ്രസംഗിച്ചു.

26-3-1961. ഊശാന ഞായറാഴ്ച നാം ഏഴര മണിക്ക് പള്ളിയിൽ പോയി. ഏകദേശം 12 മണിക്ക് മുമ്പായി ശുശ്രൂഷ കഴിഞ്ഞു.

27-3-1961. കോട്ടയം പഴയ സെമിനാരിയിൽ നിന്നും റ്റി. ഇ. ജോർജും ജി. ജോണും വന്നിരുന്നു.

28-3-1961. നമസ്കാരം കഴിഞ്ഞ് ആളുകളോട് ജി. ജോൺ പ്രസംഗിച്ചു.

29-3-1961. നമസ്കാരം കഴിഞ്ഞ് ജോർജ് പ്രസംഗിച്ചു.

30-3-1961. പെസഹാ വ്യാഴാഴ്ച. മൂന്നു മണിക്കു നമസ്കാരത്തിനു പോയി. ഏഴു മണിയോടു കൂടി കുർബ്ബാന കഴിഞ്ഞു. എല്ലാവരും വി. കുർബ്ബാന അനുഭവിച്ചു. വികാരി ജോസഫ് കത്തനാർ ശവക്കോട്ട പള്ളിയിൽ കുർബ്ബാന ചൊല്ലി.

രണ്ടു മണിക്ക് കാലുകഴുകൽ ശുശ്രൂഷ തുടങ്ങി. കാലു കഴുകലിനു വൈദികർ ധാരാളം ഉണ്ടായിരുന്നു. 4.30-നു ശുശ്രൂഷകൾ ഭംഗിയായി അവസാനിച്ചു. എം. ഏബ്രഹാം, പൂപ്പള്ളി പാപ്പൻ, പുരയ്ക്കൽ അനിയൻ എന്നിവർ വന്നിരുന്നു.

31-3-1961. ദുഃഖവെള്ളിയാഴ്ച ശുശ്രൂഷ 7 മണിക്ക് ആരംഭിച്ചു. ഇടയ്ക്ക് പ്രസംഗങ്ങൾ ഉണ്ടായിരുന്നു. ധാരാളം ആളുകൾ സംബന്ധിച്ചു. മൂന്നര കഴിഞ്ഞപ്പോൾ ശുശ്രൂഷ അവസാനിച്ചു. ഡോ. പോൾ വന്നു നമ്മെ പരിശോധിച്ചു. വൈകിട്ട് ഡോ. ചാക്കോ ജോർജ് വന്നിരുന്നു.

1-4-1961 (ശനി). ഉച്ചനമസ്കാരത്തോടു കൂടി കുർബ്ബാന ആരംഭിച്ചു. വികാരി ജോസഫ് കത്തനാർ കുർബ്ബാന ചൊല്ലി.

2-4-1961. ഒരു മണിയോടു കൂടി നാം പള്ളിയിൽ പോയി. ശുശ്രൂഷയിൽ ധാരാളം ആളുകൾ സംബന്ധിച്ചിരുന്നു. വൈദികരും ഉണ്ടായിരുന്നു. ഉയിർപ്പ് ശുശ്രൂഷയും കുർബ്ബാനയും ഏകദേശം ആറര മണിയോടു കൂടി അവസാനിച്ചു. കാപ്പിമേശയ്ക്കു ശേഷം ധാരാളംപേരുടെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചു കൈമുത്തിച്ചു. അതിനുശേഷം ആർത്താറ്റ് കാതോലിക്കേറ്റ് പാലസ് പണിത മരആശാരി, കല്ലാശാരി മുതലായവർക്കു സമ്മാനങ്ങൾ നൽകുകയും ചെയ്തു. പിന്നീട് അബ്ദൽ മശിഹാ പാത്രിയർക്കീസ് ബാവായുടെ പടം വലിയ ആഡംബരത്തോടു കൂടി എതിരേറ്റു കൊണ്ടുവന്ന് വലിയപള്ളിയിൽ പ്രതിഷ്ഠിച്ചു. അപ്പോൾ നമ്മുടെ ഫോട്ടോ എടുക്കുകയും ചെയ്തു. ഉച്ചയ്ക്കുശേഷം കോട്ടയത്തു നിന്ന് മാനേജർ ജേക്കബ് കത്തനാരും പി. സി. ചെറിയാനും കൊച്ചുകൊച്ചും ജോർജുകുട്ടിയും വന്നിരുന്നു. നാലു മണി കഴിഞ്ഞ് പഴയപള്ളിയിലെ സണ്ടേസ്കൂൾ കുട്ടികളുടെ വാർഷികത്തിന് പോയി. ഇടയ്ക്കു കയറി ലുത്തിനിയാ കഴിച്ചു. എ.ആർ.പി. യിൽ കയറി നാം പ്രാർത്ഥിച്ചു. പുലിക്കോട്ടിൽ തിരു

മേനിയുടെ കുടുംബമാണ്. അതുകൊണ്ടാണ് പ്രത്യേകമായി ആ ഭവനത്തിൽ കയറിയത്. അതിനുശേഷം സണ്ടേസ്കൂൾ വാർഷികത്തിൽ സംബന്ധിച്ചു. ധാരാളം കുട്ടികളും സ്ത്രീപുരുഷന്മാരും വൈദികരും സന്നിഹിതരായിരുന്നു. വിജയികളായ കുട്ടികൾക്ക് നമ്മുടെ കൈ കൊണ്ട് സമ്മാനം നൽകി. ഏഴു മണിയോടു കൂടി മീറ്റിംഗ് അവസാനിച്ച് നാം ആർത്താറ്റ് പള്ളിയിലേക്കു തിരിച്ചു മടങ്ങുകയും ചെയ്തു.

3-4-1961 (തിങ്കൾ). പാത്രിയർക്കീസ് ബാവായുടെ പടം കോട്ടയത്തു നിന്നും കൊണ്ടുവരുന്നതിനായി പാറമേൽ കുറിയാക്കോസ് കത്തനാർക്ക് കല്പന കൊടുത്തു. അഞ്ചു മണിയോടു കൂടി ചെറളയം ഓർത്തഡോക്സ് സിറിയൻ കോൺവെന്റിനു വേണ്ടി മറിയം മഗ്ദലത്തായുടെ നാമത്തിൽ ഒരു കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു. ടി സ്ഥലം മാർ പീലക്സിനോസ് ട്രസ്റ്റിന്റെ വകയാണ്. കല്ലിടീൽ ശുശ്രൂഷയ്ക്കു ശേഷം പുതുക്രിസ്ത്യാനി സ്ത്രീകൾക്ക് വസ്ത്രദാനവും ഉണ്ടായിരുന്നു. ധാരാളം ആളുകൾ സന്നിഹിതരായിരുന്നു. ഫോട്ടോ എടുക്കുകയും ചെയ്തു. അതിനുശേഷം കാറുകളുടെ അകമ്പടിയോടു കൂടി പഴഞ്ഞി പള്ളിയിലേക്ക് പോവുകയും ചെയ്തു. കത്തിച്ച തിരികളോടുകൂടി പള്ളിയിലേക്ക് ആനയിക്കപ്പെട്ടു. സന്ധ്യാനമസ്കാരത്തിന് ധാരാളം ആളുകൾ സംബന്ധിച്ചിരുന്നു. ചാക്കോ ജോർജ് വന്ന് പൗലോസ് പീലക്സിനോസിന്റെ കാര്യവും തൃശൂർ പള്ളിയിൽ അദ്ദേഹം കയറിയതിൽ തെറ്റിപ്പോയി എന്ന് നമ്മോടു അറിയിക്കുകയും ചെയ്തു. ദാവീദ് കത്തനാരും തോമസ് കത്തനാരും ഉണ്ടായിരുന്നു.

4-4-1961 (ചൊവ്വ). പഴഞ്ഞി പള്ളിയിൽ ജോസഫ് കത്തനാർ വിശുദ്ധ കുർബ്ബാന ചൊല്ലി. നാമും സന്നിഹിതനായിരുന്നു. ഉച്ചയ്ക്കുശേഷം സണ്ടേസ്കൂൾ കുട്ടികളുടെയും കമ്മിറ്റിക്കാരുടെയും ഫോട്ടോ എടുത്തതിൽ നാമും സന്നിഹിതനായിരുന്നു. ലുത്തിനിയാ കഴിഞ്ഞ് അഞ്ചു മണിയോടു കൂടി പഴഞ്ഞിയിൽ നിന്നും തിരിച്ചു എഴുന്നള്ളി. യാത്രാമദ്ധ്യേ കരിക്കാട് സെന്റ് മേരീസ് പള്ളിയിൽ കയറുകയും ലുത്തിനിയായ്ക്കു ശേഷം അയ്യംപറമ്പ് പള്ളിയിൽ എഴുന്നെള്ളുകയും അവിടുത്തെ ശവക്കോട്ടയ്ക്ക് കല്ലിടുകയും ചെയ്തു. അതിനുശേഷം ചിറളയം പള്ളിയിൽ കയറി ലുത്തിനിയാ കഴിച്ചു. പിന്നീട് പാടത്ത് മാണിയുടെ വീട് കൂദാശ ചെയ്യുകയും ചെയ്തു. അതിനുശേഷം ആർത്താറ്റ് വലിയപള്ളിയിലേക്ക് മടങ്ങുകയും ചെയ്തു. പരുമല മാനേജർ മാത്യൂസ് കത്തനാരും കെ. സി. ഉമ്മൻ ശെമ്മാശനും വന്നിരുന്നു. സേവേറിയോസ് മെത്രാച്ചൻ വന്നിരുന്നു. പാത്രിയർക്കീസ് ബാവായുടെ പടം കൊണ്ടുവന്നു.

5-4-1961. ചൊവ്വന്നൂർ പരുമല തിരുമേനിയുടെ നാമത്തിൽ സിംഹാസനത്തിന്റെ പേരിൽ വാങ്ങിയിട്ടുള്ള സ്ഥലത്ത് ഒരു ദേവാലയത്തിന് കല്ലിടീൽ നടത്തി. സേവേറിയോസ് മെത്രാച്ചനും നമ്മുടെ കൂടെ ഉണ്ടായിരുന്നു. ഫോട്ടോ എടുത്തിരുന്നു. പുലിക്കോട്ടിൽ വീട്ടിൽ നിന്ന് (എ.ആർ.പി.) ഒരു കിണ്ടിയും ഒരു ബേസിനും തന്നു. ചാക്കോ ജോർജ് വന്നിരുന്നു. പാത്രിയർക്കീസ് ബാവായുടെ ഫോട്ടോ ഫ്രെയിം ചെയ്യുവാൻ അദ്ദേഹം കൊണ്ടുപോയി.

6-4-1961. കോട്ടയത്തു നിന്നും റ്റി. എം. സഖറിയാ ശെമ്മാശൻ വന്നിരുന്നു. അയാളുടെ വിവാഹത്തെക്കുറിച്ച് നമ്മോടു പറയുകയുണ്ടായി.

7-4-1961. പഴഞ്ഞിയിലെ ജോസഫ് കത്തനാർ വന്നിരുന്നു. സഖറിയാ ശെമ്മാശൻ തിരിച്ചുപോയി. ചാലശേരി ജോസഫ് കത്തനാർ വന്നിരുന്നു. പള്ളിക്കു ചുറ്റും നടന്ന് സ്ഥലങ്ങൾ കണ്ടു.

8-4-1961. ചെറുവത്തൂർ പത്രോസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. നാം പള്ളിയിൽ എഴുന്നെള്ളിയിരുന്നു. പാത്രിയർക്കീസ് ബാവായ്ക്കു മറുപടി അയച്ചു.

9-4-1961. ഞായറാഴ്ച ആർത്താറ്റു പള്ളിയിൽ വി. കുർബ്ബാന ചൊല്ലി. ജോസഫ് കത്തനാരും ദാവീദ് കത്തനാരും ഉണ്ടായിരുന്നു. പാത്രിയർക്കീസ് ബാവാ അയച്ചുതന്ന പടവും നമ്മുടെ ഒരു പടവും കൂടി ആനപ്പുറത്ത് എഴുന്നെള്ളിച്ചു പട്ടണം ചുറ്റി പ്രദക്ഷിണം നടത്തി. 3.30-നു പഴയപള്ളിയിൽ നിന്നും ഘോഷയാത്ര തുടങ്ങി. അനേകം ആളുകളുടെയും ബാന്റ്, ചെണ്ട മുതലായവയും എല്ലാം ഘോഷയാത്രയെ മോടിപിടിപ്പിച്ചു. മിക്കവാറും സ്ഥലങ്ങളിൽ പടങ്ങൾക്കു മാലയിടുകയും ചെയ്തു. 8 മണിയോടു കൂടി ഘോഷയാത്ര ആർത്താറ്റ് പാലസിൽ എത്തി. വാദ്യമേളക്കാർക്ക് നാം സമ്മാനമായി രൂപ കൊടുത്തു. ചേറുവിന്റെ ഭവനത്തിൽ പോയിരുന്നു.

10-4-1961. ഏകദേശം ഏഴു മണിയോടു കൂടി ആർത്താറ്റ് പള്ളിയിൽ നിന്നും ലുത്തിനിയാ കഴിഞ്ഞു സിംഹാസനപള്ളിയിൽ കയറി പ്രാർത്ഥന കഴിഞ്ഞിട്ട് തൃശൂർ പള്ളിയിലെത്തി കാപ്പിമേശ കഴിഞ്ഞ്, ആലുവാ സിമ്മനാരിയിൽ കയറി കബറുങ്കൽ ധൂപപ്രാർത്ഥന കഴിഞ്ഞു ഉച്ചമേശ കഴിഞ്ഞ് എറണാകുളം പള്ളിയിലെത്തി. അവിടെനിന്നും തൃപ്പൂണിത്തുറ പെങ്ങളുടെ വീട്ടിൽ കയറി കാപ്പി കഴിഞ്ഞ് കോട്ടയത്തിനു തിരിക്കുകയും ചെയ്തു. യാത്രയിൽ ദീവന്നാസ്യോസ് മെത്രാച്ചനെയും സേവേറിയോസ് മെത്രാച്ചനെയും കാണുകയുണ്ടായി. 8 മണിയോടു കൂടി ദേവലോകം അരമനയിൽ എത്തുകയും ചെയ്തു.

11-4-1961. ജോസഫ് ശെമ്മാശൻ, സഖറിയാ ശെമ്മാശൻ എന്നിവർ വിവാഹകാര്യം പറവാൻ വന്നിരുന്നു. മണലിൽ യാക്കോബ് കത്തനാരും പഴയസെമിനാരിയിൽ നിന്ന് പീലിപ്പോസ് കത്തനാരും അലക്സാണ്ടർ കത്തനാരും മല്പാൻ യോഹന്നാൻ എന്നിവർ വന്നിരുന്നു. കുട്ടിയപ്പൻ വന്നിരുന്നു. കടമ്പനാട് ജോർജ് കത്തനാരും വന്നിരുന്നു.

12-4-1961. ഉപ്പൂട്ടിൽ കത്തനാർ വന്നിരുന്നു. കുണ്ടറ നിന്നു കുറിയാക്കോസ് ശെമ്മാശൻ വന്നിരുന്നു. കുണ്ടറ മത്തായി പണിക്കർ കത്തനാർ വന്നിരുന്നു.

13-4-1961. പുതുപ്പള്ളിയിൽ നിന്നും ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. ഉച്ചഭക്ഷണം കഴിഞ്ഞ് തിരിച്ചുപോയി.

14-4-1961. തീമോത്തിയോസു മെത്രാച്ചനും വെങ്ങാഴി ജോർജ് കത്തനാരും വന്നു.

15-4-1961. പുത്തൻകാവു പള്ളിയിൽ നിന്നും ഉമ്മൻ, ഉണ്ണി, കൊച്ചൂഞ്ഞ്, ജോർജ് തുടങ്ങിയവർ വന്ന് പുത്തൻകാവ് പള്ളിയിലെ പെരുനാളിന്റെ കാര്യവും അവിടെ ഒരു കഥാപ്രസംഗം നടത്തുന്ന കാര്യവും അറിയിച്ചു. ഒരു കല്പന അവരുടെ കയ്യിൽ മെത്രാച്ചനു കൊടുക്കുകയും ചെയ്തു. പരുമല മാനേജർ മാത്യൂസ് കത്തനാർ വന്നിരുന്നു. കെ. സി. ഉമ്മൻ ശെമ്മാശൻ വന്നിരുന്നു.

16-4-1961. നാം വി. കുർബ്ബാന ഞായറാഴ്ച ചൊല്ലി. ഡോ. ചാക്കോ ജോർജ് തൃശൂർ നിന്നും വന്നിരുന്നു. ഡോ. തോമസ് താമരപ്പള്ളി വന്നിരുന്നു. തോമ്മസ് ശെമ്മാശൻ പുത്തൻകാവിൽ പോയി. സഖറിയാ ശെമ്മാശൻ തിരുവല്ലായ്ക്കു പോയി. പുത്തൻകാവിനു കല്പന ...

17-4-1961. ഇടനാട്ടുകാരൻ സഖറിയാ ശെമ്മാശന്റെ കല്യാണത്തിനു മാനേജർ ജയിക്കബ് കത്തനാർ പോയിരുന്നു. പുത്തൻകാവിൽ കൊച്ചുമെത്രാച്ചന്റെ ചാത്തം ഇന്നായിരുന്നു. ദീവന്നാസ്യോസ്, തീമോത്തിയോസ്, പീലക്സിനോസ്, കൂറിലോസ് എന്നീ മെത്രാച്ചന്മാർ പുത്തൻകാവിൽ ഉണ്ടായിരുന്നു. പീലക്സിനോസ് മെത്രാൻ അവിടെ നിന്നും ഇതുവഴി വന്നിരുന്നു. കോളജിന്റെ കാര്യങ്ങളെക്കുറിച്ചു സംസാരിക്കയുണ്ടായി.

18-4-1961. സി. റ്റി. ഈപ്പൻ കത്തനാർ വന്നിരുന്നു. എം. സി. ചാക്കോ, റ്റി. പി. പീലിപ്പോസ് എന്നിവർ സഭയിൽ സമാധാനമായി കഴിയുന്നത് കാണുവാൻ സന്തോഷമാണ് എന്നറിയിച്ചു. മാർ ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. കുണ്ടറ ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർ വന്നിരുന്നു. തെക്കേപ്പുരയിൽ പണിക്കർ കത്തനാർ വന്നിരുന്നു.

19-4-1961. മണലിൽ യാക്കോബ് കത്തനാർ വന്നു. നല്ലില ദാനിയേൽ കത്തനാർ വന്നിരുന്നു. തീമോത്തിയോസ് മെത്രാച്ചൻ വന്നു.

20-4-1961. തീമോത്തിയോസ് മെത്രാച്ചൻ ഇവിടെ വന്നിട്ട് മൂവാറ്റുപുഴ അരമനയിലേക്കു പോയി. അത്താനാസ്യോസ് മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ അസോസ്യേഷന്റെ കാര്യത്തെക്കുറിച്ച് ചിന്തിക്കുവാൻ സെൻട്രൽ കമ്മിറ്റി കൂടി.

21-4-1961. വെങ്ങാഴിയിൽ ഗീവറുഗീസ് കത്തനാരും മക്കളും കൂടി വന്നിരുന്നു. കെ. ഫീലിപ്പോസ് കത്തനാർ വന്നു. ഉച്ചയ്ക്കുശേഷം പരുമല സിമ്മനാരിയിലേക്കു പോയി.

22-4-1961. പരുമല സെമിനാരിയിൽ എം. വി. ജോർജ് കത്തനാർ കുർബ്ബാന ചൊല്ലി. മോടിശ്ശേരിൽ മാത്യൂസ് കത്തനാരും മോടിശ്ശേരിൽ പുന്നൂസ് കത്തനാരും വന്നു നമ്മെ കണ്ടു. കാട്ടൂർക്കാരൻ ജോസഫ് ശെമ്മാശൻ അയാളുടെ കല്യാണകാര്യം അറിയിക്കുവാൻ വന്നു.

23-4-1961. ഞായർ. വി. കുർബ്ബാന നാം തന്നെ ചൊല്ലി. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. സഭാകാര്യത്തെക്കുറിച്ചും മറ്റും പറയുകയും പരിശുദ്ധന്റെ മദ്ധ്യ

സ്ഥതയിൽ അപേക്ഷിക്കണം എന്നും പറഞ്ഞു. തുടർന്ന് കബറുങ്കൽ ധൂപം വയ്ക്കുകയും ചെയ്തു. ധാരാളം ആളുകൾ വന്നിട്ടുണ്ടായിരുന്നു. അതിനുശേഷം ഏകദേശം മൂന്നു മണിയോടു കൂടി ലുത്തിനിയാ കഴിഞ്ഞ് കോട്ടയത്തേക്കു മടങ്ങുകയും ചെയ്തു. കോട്ടയം അടുക്കാറായപ്പോൾ അത്താനാസ്യോസ് മെത്രാച്ചനും മാനേജർ ജയിക്കബ് കത്തനാരും നമ്മെ കാണാൻ യാത്ര തിരിച്ചു വഴിമദ്ധ്യേ അവരെ കാണുകയും അവർ തിരികെ അരമനയിൽ വരികയും സഭാസമാധാനകാര്യം അറിയിക്കയും ചെയ്തു.

24-4-1961. ഉച്ചകഴിഞ്ഞ് വർക്കിംഗ് കമ്മിറ്റി കൂടി. അത്താനാസ്യോസ് മെത്രാച്ചൻ ഉണ്ടായിരുന്നു. അസോസ്യേഷനെക്കുറിച്ചും മറ്റും ചിന്തിച്ചു. അതിനുശേഷം നാലു മണി കഴിഞ്ഞു പഴയസെമിനാരിയിലേക്കു പോവുകയും ചെയ്തു. പീലക്സിനോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും സേവേറിയോസ് മെത്രാച്ചനും കൂറിലോസു മെത്രാച്ചനും തീമോത്തിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു.

25-4-1961. ചൊവ്വ. എട്ടു മണിയോടു കൂടി പഴയസെമിനാരിയിലേക്കു പോയി. ഗ്രീഗോറിയോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും അവിടെ വന്നു. മെത്രാച്ചന്മാരോട് പിൻഗാമിയെ തിരഞ്ഞെടുക്കുന്ന കാര്യവും സഭയുടെ കാര്യവും മറ്റും പറയുകയുണ്ടായി. മെത്രാച്ചന്മാർ എല്ലാവരും തീമോത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടി. ഉച്ചകഴിഞ്ഞ് വീണ്ടും കൂടി ചില തീരുമാനങ്ങൾ എടുക്കുകയുണ്ടായി. നമ്പ്യാർ മദ്രാസിൽ നിന്നും എറണാകുളത്ത് വന്നു. കേസിന്റെ കാര്യത്തെക്കുറിച്ച് ആലോചിച്ചു.

26-4-1961. ബുധൻ. ഒൻപതു മണി കഴിഞ്ഞ് പഴയസെമിനാരിയിൽ പോയി. തീമോത്തിയോസ് മെത്രാച്ചനും ദീവന്നാസ്യോസ് മെത്രാച്ചനും ഗ്രീഗോറിയോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും ഉണ്ടായിരുന്നു. സിനഡ് തീമോത്തിയോസ് മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. അഞ്ച് അംഗകമ്മിറ്റിയും കൂടിയിരുന്നു. ഉച്ചയ്ക്കുശേഷം മൂന്നു മണിയോടു കൂടി മാനേജിംഗ് കമ്മിറ്റിക്ക് സംബന്ധിക്കുവാനായി എം.ഡി. സെമിനാരിയിലേക്കു പോന്നു. നമ്മുടെ അദ്ധ്യക്ഷതയിൽ മാനേജിംഗ് കമ്മിറ്റി യോഗം ആരംഭിച്ചു. മിനിറ്റ്സ് പാസ്സാക്കുന്നതിനു മുമ്പ് തന്നെ അത്താനാസ്യോസ് മെത്രാച്ചനെ മീറ്റിംഗ് നടത്താൻ അധികാരപ്പെടുത്തി. നാം കുറെ കഴിഞ്ഞപ്പോൾ അരമനയിലേക്കു മടങ്ങുകയും ചെയ്തു. അരമനയിൽ വന്നപ്പോൾ സ്റ്റേ അനുവദിച്ച കാര്യം അറിയുകയും ചെയ്തു. നമസ്കാരവും കഴിഞ്ഞ് ധാരാളം ആളുകൾ നമ്മെ കാണുവാൻ വന്നിരുന്നു. കെ. എം. ചെറിയാനും ഇലഞ്ഞിക്കൽ ബേബി തുടങ്ങിയവർ വന്നിരുന്നു. മനോരമയിൽ ഒരു പ്രസ്താവന നാം കൊടുക്കുകയും ചെയ്തു.

27-4-1961 (വ്യാഴം). രാവിലെ പീലക്സിനോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും ദീവന്നാസ്യോസ് മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും വന്നു. ഉച്ചമേശ കഴിഞ്ഞ് നാലു മണിക്ക് തിരിച്ചു കൊരട്ടി അരമനയിലേക്കു പോയി. ധാരാളം വൈദികരും പള്ളി പ്രതിനിധികളും അരമനയിൽ വന്നിരുന്നു.

28-4-1961. റ്റി. ജി. സഖറിയാ ശെമ്മാശൻ തിരുവനന്തപുരത്തിനു പോയി. കൊച്ചു ശെമ്മാശൻ (റ്റി. എം. സഖറിയ) വന്നിരുന്നു. എം. ഏബ്രഹാം വന്നിരുന്നു.

29-4-1961. എം. ഏബ്രഹാം രാവിലെ തിരിച്ചുപോയി. ഉച്ച കഴിഞ്ഞ് തുമ്പമൺ പള്ളിയിൽ യുവജന സമാജത്തിന്റെ മീറ്റിംഗിനു സംബന്ധിക്കുവാൻ പോയി. പന്തളം റ്റി.ബി. യിൽ 4 മണിക്ക് വിശ്രമിച്ച് കാപ്പിമേശയും കഴിഞ്ഞ് ദീവന്നാസ്യോസ് മെത്രാച്ചൻ, ഗ്രീഗോറിയോസ് മെത്രാച്ചൻ, ഒസ്താത്തിയോസ് മെത്രാച്ചൻ, പീലക്സിനോസ് മെത്രാച്ചൻ, കൂറിലോസ് മെത്രാച്ചൻ എന്നിവരോടുകൂടി പന്തളത്തു നിന്നും തുമ്പമൺ പള്ളിയിലേക്കു ധാരാളം ആളുകളുടെയും വൈദികരുടെയും യുവജന പ്രതിനിധികളുടെയും അകമ്പടിയോടു കൂടി പള്ളിയിൽ എത്തി. സന്ധ്യാനമസ്കാരം കഴിഞ്ഞ് പള്ളികെട്ടിടത്തിൽ വിശ്രമിച്ചു. മെത്രാച്ചന്മാർ പീലക്സിനോസ് തിരുമേനി ഒഴിച്ച് ബാക്കി എല്ലാവരും ഉടനെ മടങ്ങുകയും ചെയ്തു.

30-4-1961 (ഞായർ). രാവിലെ നാം വി. കുർബ്ബാന ചൊല്ലി. പീലക്സിനോസ് മെത്രാച്ചനും ഉണ്ടായിരുന്നു. കെന്നത്ത് ഷാർപ്പ് കുർബ്ബാന കാണുന്നതിനു ഉണ്ടായിരുന്നു. ഉച്ചകഴിഞ്ഞുള്ള പൊതുമീറ്റിംഗിൽ നാം അദ്ധ്യക്ഷം വഹിക്കുകയും ചെയ്തു. മന്ത്രി ഇ. പി. പൗലോസ് പ്രസംഗിച്ചു. ഏബ്രഹാം കോർഎപ്പിസ്കോപ്പായും സി. എം. സ്റ്റീഫനും പ്രസംഗിച്ചു. ഉപസംഹാരത്തിൽ നാം സഭയുടെ ഇപ്പോഴത്തെ കാര്യത്തെക്കുറിച്ചു പറഞ്ഞു. മാർത്തോമ്മായ്ക്കു സിംഹാസനം ഇല്ല എന്നു പറയുന്നവർ വേദവിപരീതികളാണെന്നു പറഞ്ഞു. യൂലിയോസും അതുപോലെയാണ്.

1-5-1961. രാവിലെ കാപ്പിമേശ കഴിഞ്ഞ് കോട്ടയത്തിനു പോന്നു. കൊച്ചുശെമ്മാശൻ അന്നുതന്നെ വീട്ടിൽ പോയി. തോമസ് ശെമ്മാശൻ തുമ്പമൺ നിന്നും വീട്ടിൽ പോയി.

2-5-1961. തോമസ് ശെമ്മാശൻ വന്നു. വൈകിട്ട് തോമസ് ശെമ്മാശന്റെ അപ്പൻ, ശെമ്മാശന്റെ കല്യാണത്തെക്കുറിച്ച് പറഞ്ഞു.

3-5-1961. ലാസർ കത്തനാർ വന്നു. ആലുവാ കോളജിൽ പഠിപ്പിക്കുന്ന വി. സി. മാത്യു വന്നിരുന്നു. ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. ഇ. ജോൺ ഫീലിപ്പോസിന്റെ ദീനവിവരം അറിയിച്ചു.

4-5-1961. മാനേജർ ജെയിക്കബ് കത്തനാരും മണലിൽ യാക്കോബ് കത്തനാരും നമ്മുടെ കല്പന അനുസരിച്ച് ഇ. ജെ. ഫീലിപ്പോസിനെ കാണുവാൻ തിരുവനന്തപുരത്തു പോയി. വൈകിട്ട് 8 മണിക്ക് മരിച്ചുയെന്നു വിവരം അറിഞ്ഞു.

5-5-1961. രാവിലെ ഏഴര മണിക്ക് ഇ. ജെ. ഫീലിപ്പോസിനെ ശവമടക്കുന്നതിനു പോയി. 11 മണിക്ക് അയാളുടെ വീട്ടിൽ ചെന്നു പ്രാർത്ഥിച്ചു. പിന്നീട് പള്ളിയിൽ വിശ്രമിച്ച ശേഷം നാലര മണിക്ക് ശവം അടക്കുന്നതിന് ശവക്കോട്ടയിൽ പോയി ശുശ്രൂഷ നടത്തി. ധാരാളം വൈദികരും ജനങ്ങളും സംബന്ധിച്ചിരുന്നു. മന്ത്രിമാരായ പട്ടം താണുപിള്ള, ദാമോദരമേനോൻ, വേലപ്പൻ, ഉമ്മർകോയ, ഇ. പി. പൗലൂസ്, ചന്ദ്രശേഖർ എന്നിവർ വന്നു നമ്മെ കണ്ടു നമ്മോടു സംസാരിച്ചു. മുഖ്യമന്ത്രിയെപ്പറ്റി ഈശ്വരപ്രസാദമുള്ള മന്ത്രിയെന്നു നാം പറഞ്ഞു. അവർ എല്ലാവരും സന്തോഷത്തോടു കൂടെ തിരികെ പോയി. ഇതുപോലെ തന്നെ നാം എല്ലാവരും തിരികെ പോകേണ്ടവരാണ്. അതുകൊണ്ട് അത് ഓർത്തു വേണം ഭരിക്കാൻ എന്ന് വീണ്ടും പറഞ്ഞു. അവർ സന്തോഷത്തോടു കൂടെ പോയി. നാം തിരികെ പാറ്റൂർ പള്ളിയിൽ നിന്നു പള്ളിയിലേക്കു പോയി. ഗീവറുഗീസ് സഹദായുടെ പെരുന്നാൾ ഈ പള്ളിയിൽ ഇന്ന് കൊണ്ടാടുകയാണ്. സന്ധ്യാനമസ്കാരത്തിനു ധാരാളം ആളുകൾ സംബന്ധിച്ചിരുന്നു.

6-5-1961. രാവിലെ വി. മൂന്നിന്മേൽ കുർബ്ബാന ഉണ്ടായിരുന്നു. വി.കുർബ്ബാനയ്ക്കു ശേഷം നേർച്ചവിളമ്പ് ഉണ്ടായിരുന്നു. ഇ. ജെ. ഫീലിപ്പോസിന്റെ മകൻ ഇ. പി. ഈപ്പൻ പള്ളിമുറിയിൽ നമ്മെ കണ്ടു. ഇന്നു മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

7-5-1961. ഇന്ന് രാവിലെ നാം വി. കുർബ്ബാന ചൊല്ലുകയും കുർബ്ബാനമദ്ധ്യേ നാം പ്രസംഗിക്കുകയും ചെയ്തു. ഉച്ചയ്ക്കുശേഷം മൂന്നു മണിക്ക് കുണ്ടറ സെമിനാരിയിലേക്കു യാത്ര തിരിച്ച് അഞ്ചു മണിയോടു കൂടി കുണ്ടറ സെമിനാരിയിൽ എത്തി. അവിടെ ആരുംതന്നെയില്ലായിരുന്നു. തടത്തിവിള തോമസ് കത്തനാർ വന്നു നമ്മെ കണ്ടു.

8-5-1961. ഇന്നു രാവിലെ 10 മണിക്ക് കൂറിലോസ് മെത്രാച്ചൻ വന്നു നമ്മെ കണ്ടു. കുണ്ടറ തെക്കേപുരയിലെ കോശി പണിക്കരുടെ കൊച്ചുമകന്റെ കല്യാണം ഇന്നു കുണ്ടറ വലിയപള്ളിയിൽ വച്ച് നാം നടത്തിക്കൊടുത്തു. കൂറിലോസ് മെത്രാച്ചൻ സംബന്ധിച്ചിരുന്നു. 12 മണിക്ക് തിരികെ വന്നു. മൂന്നു മണിക്ക് കൂറിലോസ് മെത്രാച്ചന്റെ കൂടെ കൊല്ലത്ത് പുതുതായി പണിത അരമനകെട്ടിടം കാണാനായി പോയി. വികാരി ജോബു കത്തനാർ, സി. പി. ഉമ്മൻ, ഡോ. ടൈറ്റസ്, റ്റി. ജി. മാത്യു മുതലായ ആളുകൾ നമ്മുടെ വരവ് പ്രമാണിച്ചു അരമനക്കെട്ടിടത്തിൽ കാത്തുനിൽക്കുന്നുണ്ടായിരുന്നു. 5 മണിയോടു കൂടി കുണ്ടറ സെമിനാരിയിലേക്കു തിരികെ പോന്നു. സന്ധ്യയ്ക്കുശേഷം തെക്കേപുരയിൽ തോമാ പണിക്കർ ഇവിടെ വന്നു. അയാളുടെ രണ്ടു മക്കളുടെ മാമോദീസാ മുക്കി കൊടുക്കണമെന്നു നമ്മോട് ആവശ്യപ്പെട്ടു. നാളെ നടത്തിക്കൊടുക്കാമെന്ന് നാം പറഞ്ഞു.

9-5-1961. രാവിലെ വി. കുർബ്ബാന വറുഗീസ് പണിക്കർ കത്തനാർ ചൊല്ലി. കുർബ്ബാനയ്ക്കുശേഷം രണ്ടു കുട്ടികളെ മാമോദീസാ മുക്കി. ഉച്ചയ്ക്കുശേഷം കോട്ടയത്തേക്കു യാത്ര തിരിച്ചു. 4 മണിക്കു ഇവിടെ എത്തി.

10-5-1961. രാവിലെ തലവടി സെന്റ് തോമസ് ദേവാലയത്തിന്റെ വികാരി ഫീലിപ്പോസ് കത്തനാരും കളത്തിലെ കീവർച്ചനും കൂടി വന്നു നമ്മെ കണ്ടു. അവർ അവരുടെ പള്ളിയിലെ ശതാബ്ദ ജൂബിലി ആഘോഷത്തിന് നമ്മെ കൊണ്ടുപോകുന്നതിനായി വന്നതാണ്. അവരുടെ ദീർഘനേരത്തെ നിർബന്ധം മൂലം നാം തലവടി പള്ളിയിലേക്കു ചെല്ലാമെന്ന് സമ്മതിച്ചു. ഇന്ന് മറ്റ് വിശേഷങ്ങൾ ഒന്നും തന്നെയില്ല. ഇടനാട്ടുകാരൻ സഖറിയാ ശെമ്മാശൻ ഇന്നു ഇവിടെ വന്നിട്ടുണ്ട്.

11-5-1961. രാവിലെ വി. കുർബ്ബാന ജേക്കബ് കത്തനാർ ചൊല്ലി. സ്വർഗ്ഗാരോഹണ പെരുന്നാളാണ്. 10 മണിക്ക് തിരുവല്ലാ ബഥനി അരമനയിലേക്കു യാത്ര തിരിച്ചു. 12 മണിക്ക് ദീവന്നാസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും കൂടി അവിടെ വന്നു. പീലക്സിനോസ് മെത്രാച്ചൻ പുത്തൻകാവ് പള്ളിയിലേക്കു പോയി. 2 മണിക്ക് തലവടി പള്ളിയിലേയ്ക്കു പോയി. പള്ളിയിൽ കയറി ലുത്തിനിയായ്ക്കു ശേഷം പള്ളിമുറിയിൽ കയറി അല്പം വിശ്രമിച്ച ശേഷം പുതുതായി പണിയുവാൻ പോകുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം നാം നിർവ്വഹിച്ചു. അതിനുശേഷം ജൂബിലി സമ്മേളനം നമ്മുടെ അദ്ധ്യക്ഷതയിൽ നടന്നു. പ്രസ്തുത സമ്മേളനം ഉദ്ഘാടനം ചെയ്തതു കേന്ദ്ര ഭക്ഷ്യ മന്ത്രി എ.എം. തോമസ് ആയിരുന്നു. തോമസ് ജോൺ എം.എൽ.എ., മക്കപ്പുഴ വാസുദേവൻ പിള്ള, കൂറിലോസ് മെത്രാച്ചൻ മുതലായവർ പ്രസംഗിച്ചു. 6 മണിക്ക് തലവടി പള്ളിയിൽ നിന്നും കോട്ടയത്തേക്കു തിരിച്ചു. നമ്മുടെ കൂടെ നിന്ന റാന്നിക്കാരൻ തോമസ് ശെമ്മാശൻ അയാളുടെ കല്യാണത്തിന്റെ ഒരുക്കത്തിനായി ഇന്നേ ദിവസം വീട്ടിലേക്ക് പോയി. ഇടനാട്ടുകാരൻ സഖറിയാ ശെമ്മാശൻ ഇന്ന് ഇവിടെ വന്നു അരമനയിൽ താമസിക്കുന്നുണ്ട്. ഇന്ന് മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

12-5-1961. ഇന്നു കാലത്തു പഴയസെമിനാരി മാനേജർ കെ. ഫീലിപ്പോസ് കത്തനാർ ഇവിടെ വന്നു. ഇന്ന് മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

13-5-1961. കോതമംഗലത്തുകാരൻ ആദായി കത്തനാർ ഇവിടെ വന്നു നമ്മെ കണ്ടു. അയാൾ പോകുന്നനേരം അയാൾക്കു പത്തു രൂപാ കൊടുത്തു. കുഴിമറ്റത്തു നിന്നു അലക്സാണ്ടർ കോറെപ്പിസ്ക്കോപ്പാ വന്നു നമ്മെ കണ്ടു. അയാൾ സന്ധ്യ വരെ നമ്മോടു കൂടെ ഉണ്ടായിരുന്നു.

14-5-1961. രാവിലെ വി. കുർബ്ബാന നാം ചൊല്ലി. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. ഇന്ന് മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

15-5-1961. ഇന്നു ദൈവമാതാവിനെക്കുറിച്ചുള്ള കതിരുകളെക്കുറിച്ചുള്ള ഓർമ്മദിവസമാണ്. രാവിലെ വി. കുർബ്ബാന റ്റി. സി. ജേക്കബ് കത്തനാർ ചൊല്ലി. കുർബ്ബാനയ്ക്കു നാം പോയില്ല. ശരീരത്തിനു നല്ല സുഖമില്ലായിരുന്നു.

16-5-1961. ഇന്നു രാവിലെ പീലിപ്പോസ് കത്തനാർ ഇവിടെ വന്നു. ചെറിയപള്ളിയിലെ കാര്യം നാം അയാളോടു പറഞ്ഞു. എരുത്തിക്കലെ കൊച്ചുകത്തനാർക്കു അവിടെ വീതം കൊടുക്കുന്ന കാര്യം അയാളോടു പറഞ്ഞു. അങ്ങനെ അവർക്കു അവിടെ വീതം കൊടുക്കുകയാണെങ്കിൽ അച്ചനു കൂടി ചെറിയപള്ളിയിൽ വീതം കൊടുക്കണമെന്നു പറഞ്ഞു. അയാൾ ഉടൻതന്നെ പോയി. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല. കൊച്ചുശെമ്മാശൻ നമ്മോട് അനുവാദം ചോദിച്ചതിനു ശേഷം വീട്ടിലേക്കു പോയി.

17-5-1961. രാവിലെ പഴയസെമിനാരിയിൽ നിന്നും യോഹന്നാൻ കത്തനാർ ഇവിടെ വന്നു. ഉച്ചയ്ക്കുശേഷം നാം പാമ്പാടി ദയറായിലേക്കു പോയി. നമ്മുടെ കൂടെ യോഹന്നാൻ കത്തനാരുമുണ്ടായിരുന്നു. മെത്രാച്ചന്റെ സൗഖ്യം അന്വേഷിക്കുവാൻ പോയതായിരുന്നു. നാം കുറെ സാധനങ്ങൾ അദ്ദേഹത്തിനു കൊടുക്കുവാനായി കൊണ്ടുപോയിരുന്നു. മെത്രാച്ചനുമായി കുറെ നേരം സംസാരിച്ചു. സംസാരത്തിനിടയിൽ നമ്മേക്കാൾ മുമ്പേ കാലം ചെയ്യുന്നത് അദ്ദേഹത്തിനു സന്തോഷമാണെന്നും എല്ലാ ശുശ്രൂഷകളും ഭംഗിയായി നിറവേറണമെന്നു ആഗ്രഹമാണെന്നും പറഞ്ഞു. നാം ഫലിതരൂപത്തിൽ ഇപ്പോൾ പോകേണ്ടായെന്നു പറഞ്ഞു. നാലു മണിയോടു കൂടി തിരികെ പോന്നു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

18-5-1961. കുണ്ടറ സെമിനാരി മാനേജർ എം. എം. ജേക്കബ് കത്തനാർ ഇവിടെ വന്നു. കുണ്ടറ സെമിനാരിയിലെ കാര്യങ്ങൾ ഒക്കെ നാം അയാളോടു പറഞ്ഞു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

19-5-1961. നമ്മുടെ പെങ്ങളുടെ മകൻ മനയിട ബേബി ഇവിടെ വന്നു. അവന്റെ കൈയിൽ കുടുംബസ്വത്തിൽ നിന്നു പാട്ടം കിട്ടിയ ഇനത്തിൽ 100 രൂപാ പെങ്ങളെ ഏല്പിക്കുന്നതിനു കൊടുത്തു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ലെന്നു അവൻ നമ്മോടു പറഞ്ഞു. സന്ധ്യയോടു കൂടി റാന്നിക്കാരൻ ശെമ്മാശൻ വീട്ടിൽ നിന്നു ഇവിടെ വന്നു. അയാളുടെ അപ്പനും കൂടെ ഉണ്ടായിരുന്നു. അയാളുടെ കല്യാണത്തിനു നമ്മെ ക്ഷണിക്കുവാൻ വന്നതായിരുന്നു. നാം ചെല്ലുകയില്ലെന്നു അയാളോടു പറഞ്ഞു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

ഉച്ചയ്ക്കുശേഷം നാം പാമ്പാടി ദയറായിലേക്കു പോയി. നമ്മുടെ കൂടെ യോഹന്നാൻ കത്തനാരുമുണ്ടായിരുന്നു. മെത്രാച്ചന്റെ സൗഖ്യം അന്വേഷിക്കുവാൻ പോയതായിരുന്നു. നാം കുറെ സാധനങ്ങൾ അദ്ദേഹത്തിനു കൊടുക്കുവാനായി കൊണ്ടുപോയിരുന്നു. മെത്രാച്ചനുമായി കുറെ നേരം സംസാരിച്ചു. സംസാരത്തിനിടയിൽ നമ്മേക്കാൾ മുമ്പേ കാലം ചെയ്യുന്നത് അദ്ദേഹത്തിനു സന്തോഷമാണെന്നും എല്ലാ ശുശ്രൂഷകളും ഭംഗിയായി നിറവേറണമെന്നു ആഗ്രഹമാണെന്നും പറഞ്ഞു. നാം ഫലിതരൂപത്തിൽ ഇപ്പോൾ പോകേണ്ടായെന്നു പറഞ്ഞു.

20-5-1961. തോമസ് ശെമ്മാശ് വീട്ടിൽ കല്യാണത്തിനായി പോകുമ്പോൾ നാം അയാൾക്ക് ഒരു മോതിരം സമ്മാനമായി കൊടുത്തു. ജോഷ്വാ കത്തനാർ നിരണത്തു നിന്നു ഇവിടെ വന്നു. നിരണത്തു വച്ചു മലങ്കര യുവജനപ്രസ്ഥാനം നടത്തുന്ന സമ്മേളനത്തിനു അവിടെ എതിരായി നിരണം ഇടവകയിലെ ഏതാനും അച്ചന്മാർ എതിർ പ്രചരണം നടത്തുന്നുയെന്നു അച്ചൻ നമ്മോടു പറഞ്ഞു. അത് അനുസരിച്ച് ഇവിടെ നിന്നും മാനേജർ റ്റി. സി. ജേക്കബ് കത്തനാരെയും വറുഗീസ് ക്ലേറിയെയും നാം നിരണം പള്ളിയിലേക്കു പറഞ്ഞയച്ചു. അവർ പോയി എല്ലാവരെയും കാണുകയും എതിർത്തു നിൽക്കുന്നവർ യൂത്ത് കോൺഫ്രൻസ് അവിടെ വച്ചു തന്നെ നടത്തുന്നതിനു അനുകൂലമായി പ്രവർത്തിക്കാമെന്ന് സമ്മതിച്ചിട്ടുള്ള വിവരം നമ്മെ അറിയിച്ചു. അവർ സന്ധ്യയോടു കൂടിയാണ് തിരികെ വന്നത്. ഗീവറുഗീസ് റമ്പാൻ ഇവിടെ വന്നു നമ്മോടു കൂടി താമസിക്കുന്നു.

21-5-1961. പെന്തിക്കോസ്തി ഞായറാഴ്ച. നാം വി. കുർബ്ബാന ചൊല്ലി. പെന്തിക്കോസ്തിയുടെ ശുശ്രൂഷ നടത്തി. 12 മണിക്ക് തിരികെ അരമന മുറിയിലേക്കു വന്നു. ഇന്ന് ഉച്ചയ്ക്കു ശേഷം നമ്മുടെ അരമന പണിക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള കമ്മിറ്റി മീറ്റിംഗ് കൂടി. കമ്മിറ്റിയിൽ ഉള്ള എല്ലാ ആളുകളും വന്നിട്ടുണ്ടായിരുന്നു. മനോഹരൻ വറുഗീസ് ഇന്ന് ഇവിടെ വന്നിരുന്നു.

22-5-1961. മോറാൻ പാത്രിയർക്കീസിന്റെ ഓർമ്മദിവസം. വി. കുർബ്ബാന റ്റി. സി. ജേക്കബ് കത്തനാർ ചൊല്ലി. ഇന്ന് നമ്മുടെ കൂടെ നിൽക്കുന്ന റാന്നിക്കാരൻ തോമ്മസ് ശെമ്മാശന്റെ കല്യാണ ദിവസമായിരുന്നു. ഇവിടെ നിന്നു മാനേജർ കത്തനാരും റ്റി. ജി. സഖറിയാ ശെമ്മാശനും പോയിട്ടുണ്ടായിരുന്നു. ഉച്ചയ്ക്കു തോട്ടയ്ക്കാട്ടു നിന്നും ഫീലിപ്പോസ് കത്തനാർ ഇവിടെ വന്നു. അയാളുടെ മകളുടെ കല്യാണ വിവരം നമ്മെ അറിയിച്ചു. റ്റി. ജെ. ജോഷ്വാ കത്തനാർ ഇവിടെ വന്നിരുന്നു. നിരണത്തു വച്ചു നടത്തുന്ന യൂത്ത് കോൺഫ്രൻസിന്റെ കാര്യം പറഞ്ഞു. പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിനു നമ്മുടെ ഒരു കല്പന നാം കൊടുക്കുകയും ചെയ്തു. അയാൾ 10 മണിയോടു കൂടി തിരികെ പോയി. ഗീവറുഗീസ് റമ്പാൻ ഇവിടെ നിന്നു തിരുവാംകോടു പള്ളിയിലേക്കു പോകുകയും ചെയ്തു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

23-5-1961. തൃശൂർ പള്ളിയിൽ നിന്നു പത്രോസ് കത്തനാർ നമ്മെ വന്നു കണ്ടു. തൃശൂർ പള്ളിവക പള്ളിക്കൂടം നമ്മുടെ മാനേജ്മെന്റിൽ ആക്കുന്ന കാര്യം സമ്മതമാണോയെന്നുള്ള വിവരം നമ്മെ അറിയിക്കുവാൻ വന്നതാണ്. അങ്ങനെ ഒരു സ്കൂൾ നമ്മുടെ പേരിൽ മാനേജ്മെന്റ് തരുന്ന കാര്യത്തിൽ നമുക്ക് വിരോധമില്ല. നിങ്ങൾ ആലോചിച്ച് വേണ്ടതു ചെയ്തുകൊള്ളണമെന്ന് നാം അയാളോടു പറഞ്ഞു. കിഴവള്ളൂക്കാരൻ മത്തായി കത്തനാർ ഇവിടെ വന്നു നമ്മെ കണ്ടു. മദ്രാസ് ക്രിസ്ത്യൻ കോളജിൽ പഠിപ്പിക്കുന്ന മീനടംകാരൻ പി. കെ. ജോൺ ഇവിടെ വന്നു നമ്മെ കണ്ടു. അയാൾക്ക് പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ പ്രിൻസിപ്പാൾ ജോലി കിട്ടിയാൽ കൊള്ളാമെന്ന് നമ്മോട് ആവശ്യപ്പെട്ടു. കോളജിന്റെ ഭരണസമിതിയോട് ആലോചിച്ചതിന്റെ ശേഷമേ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളുയെന്ന് നാം അവനോടു പറഞ്ഞു. അവന്റെ കൂടെ കൊച്ചുകൊച്ച്, കെ. വി. കുര്യൻ മുതലായവർ വന്നിട്ടുണ്ടായിരുന്നു.

ഇന്ന് സന്ധ്യയ്ക്ക് കോട്ടയം ഭദ്രാസന സമാജക്കാരുടെ നമ്മുടെ കൂടെ ഉൾപ്പെടെയുള്ള ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സഭാപിതാക്കന്മാർ

പ. അബ്ദേദ് മിശിഹാ പാത്രിയർക്കീസ്: ദുരന്തങ്ങളും പ്രത്യാശയും രൂപപ്പെടുത്തിയ ജീവിതം

ഡോ. സിബി തരകൻ

പരിശുദ്ധ ഇഗ്നാത്തിയോസ് അബ്ദേദ് മിശിഹാ രണ്ടാമൻ പാത്രിയർക്കീസിനെപ്പോലെ (1854–1915), ആത്മീയ വിജയവും ഭൗതിക ദുരന്തവും ഒരേ സമയം അനുഭവിക്കേണ്ടി വരിക എന്ന വിരോധാഭാസം, ചരിത്രത്തിൽ അപൂർവം ചില വ്യക്തികൾക്കു മാത്രമെ ഉണ്ടായിട്ടുള്ളു.

മധ്യപൂർവേഷ്യൻ ക്രിസ്തുമത ചരിത്രത്തിലെ ഏറ്റവും പ്രക്ഷുബ്ധമായ കാലഘട്ടത്തിലാണ് പാത്രിയർക്കീസ് എന്ന നിലയിൽ അദ്ദേഹം അന്ത്യോഖ്യൻ സുറിയാനി ഓർത്തഡോക്സ് സഭയ്ക്ക് നേതൃത്വം നൽകിയത്. സഭാ സ്വാതന്ത്ര്യത്തോടുള്ള വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധത, ശ്രേഷ്ഠമായ നേതൃത്വം, അനുഭവിക്കേണ്ടി വന്ന നിരന്തര പീഡനം എന്നിവയാൽ അദ്ദേഹത്തിന്റെ ജീവിതം ചരിത്രത്തിൽ പ്രത്യേകം അടയാളപ്പെടുത്തിയിരിക്കുന്നു.

കിഴക്കിന്റെ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിച്ചതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവനയായി ചരിത്രം വിലയിരുത്തുന്നത്. അതിലൂടെ, പുരാതന സുറിയാനി സഭാ പാരമ്പര്യവുമായുള്ള ബന്ധം നിലനിർത്തിക്കൊണ്ടു തന്നെ, മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് സ്വയംഭരണാവകാശവും സ്വാതന്ത്ര്യവും കൈവരിക്കുവാൻ കഴിഞ്ഞു.



എന്നാൽ അബ്ദേദ് മിശിഹാ പാത്രിയർക്കീസിന്റെ ജീവിതം ഏറെ പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. താരതമ്യേന ചെറുപ്പത്തിൽത്തന്നെ അദ്ദേഹം മെത്രാപ്പോലീത്തായും പാത്രിയർക്കീസുമായി. രാജ്യത്തിന്റെ പരമാധികാരിയായ സുൽത്താൻ ആദ്യകാലത്ത് അദ്ദേഹത്തെ പിന്തുണച്ചിരുന്നു. അദ്ദേഹത്തെ മെത്രാപ്പോലീത്താ സ്ഥാനത്തേക്കുയർത്തിയ പരിശുദ്ധ പത്രോസ് മൂന്നാമൻ പാത്രിയർക്കീസും, പാത്രിയർക്കാ സ്ഥാനത്തേക്ക് എത്താൻ പിന്തുണച്ച സുൽത്താൻ അബ്ദുൾ ഹമീദും അദ്ദേഹത്തിന്റെ കഴിവുകളിൽ വിശ്വാസമർപ്പിച്ചിരുന്നു. ചെറുപ്പത്തിൽത്തന്നെ ഉന്നത സ്ഥാനങ്ങളിൽ എത്താനുണ്ടായ സാഹചര്യം ഇതായിരിക്കാം. ഏറെക്കാലം സുറിയാനി സഭയെ നയിക്കാമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

സഭയ്ക്കുള്ളിൽ അധികാരത്തിനുവേണ്ടി നടന്ന മത്സരങ്ങൾ, ക്രിസ്ത്യാനികൾക്കെതിരെ തുർക്കിയിലുണ്ടായ അതിക്രമങ്ങൾ, ഭരണാധികാരികളിൽ നിന്നും നേരിട്ട വിശ്വാസ വഞ്ചന, സാമ്പത്തിക പ്രതിസന്ധിയും ക്ഷാമവും, ഒടുവിൽ ഒന്നാം ലോക മഹായുദ്ധത്തിന്റെയും പടർന്നുകൊണ്ടിരുന്ന മഹാമാരിയുടെയും ഇടയിൽ 61 വയസ്സു മാത്രമുള്ളപ്പോൾ സംഭവിച്ച മരണം – ഇവയെല്ലാം അബ്ദേദ് മിശിഹായെ ദുരന്തങ്ങൾക്കിടയിലും ക്രൈസ്തവമായ പ്രത്യാശ നിലനിർത്തിയ ഒരു സവിശേഷ കഥാപാത്രമാക്കുന്നു.



ആദ്യകാല ജീവിതം

ഓട്ടോമൻ സാമ്രാജ്യത്തിലെ (പഴയ തുർക്കി) മർദ്ദീൻ പ്രവിശ്യയിലുള്ള ഖൽഅത്ത് മാറ ഗ്രാമത്തിലാണ് 1854–ൽ ജൂലിയോസ് അബ്ദേദ് മിശിഹാ ജനിച്ചത്. സുറിയാനി ക്രിസ്ത്യാനികൾ നൂറ്റാണ്ടുകളായി അഭിവൃദ്ധി പ്രാപിച്ച ഒരു പ്രദേശമായിരുന്നു അത്. എന്നാൽ മുസ്ലീങ്ങളായ കുർദിഷ് ഗോത്ര വിഭാഗങ്ങളിൽ നിന്നും ഓട്ടോമൻ സർക്കാരിൽ നിന്നും അവർക്ക് ഏറെ അടിച്ചമർത്തലുകൾ നേരിടേണ്ടതായി വന്നു. 1866–ൽ പന്ത്രണ്ട് വയസ്സുള്ളപ്പോൾ, അദ്ദേഹം പ്രശസ്ത സുറിയാനി കേന്ദ്രമായിരുന്ന കുർകുമോ ദയറായിൽ (മാർ ഹാനനിയായുടെ ആശ്രമം) ചേർന്നു. ചെറുപ്പത്തിൽത്തന്നെ അനാഥനായ അദ്ദേഹത്തെ, പത്രോസ് തൃതീയൻ പാത്രിയർക്കീസ് ദയറായിലേക്കു ദത്തെടുക്കുകയായിരുന്നു എന്ന് പറയപ്പെടുന്നു.

പത്തൊൻപതാം വയസ്സിൽ (1873) അദ്ദേഹം സന്യാസ വ്രതങ്ങൾ സ്വീകരിച്ചു: ഇരുപത്തിയൊന്നാം വയസ്സിൽ (1875) പുരോഹിതനായി. അദ്ദേഹത്തിന്റെ

ആത്മീയവും ബൗദ്ധികവുമായ കഴിവുകളും, ലാളിത്യവും പത്രോസ് തൃതീയൻ ബാവാ ശ്രദ്ധിച്ചിരുന്നു. പാത്രിയർക്കീസ് 1886-ൽ അദ്ദേഹത്തെ സിറിയയിലെ മെത്രാപ്പോലീത്തായായി ഉയർത്തി.

പ്രതിസന്ധികൾക്കിടയിൽ

പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് 1894-ൽ കാലംചെയ്തപ്പോൾ സഭയിൽ വലിയ ഒരു നേതൃത്വ പ്രതിസന്ധി ഉണ്ടായി. ഒരു വിഭാഗം നേതാക്കന്മാർ ആമീദിലെ മെത്രാനായിരുന്ന ഗ്രിഗോറിയോസ് അബ്ദുള്ളയെ (സത്തുഫ്) പിന്തുണച്ചു; മറു വിഭാഗം അബ്ദേദ് മിശിഹായെയും. എന്നാൽ സുൽത്താൻ അബ്ദുൽ ഹമീദിന്റെ ഇടപെടൽ അബ്ദേദ് മിശിഹായ്ക്ക് അനുകൂലമായിരുന്നു. 1895 ജൂൺ 14-ന് സുന്നഹദോസ് അദ്ദേഹത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായി തെരഞ്ഞെടുത്തു. 1896 സെപ്റ്റംബർ 9-നു സുൽത്താൻ അധികാരപത്രം (ഫർമാൻ) നൽകി അദ്ദേഹത്തെ ഔദ്യോഗികമായി അംഗീകരിച്ചു.

ക്രൈസ്തവ പീഡനങ്ങൾ

അദ്ദേഹം പാത്രിയർക്കാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട് അധികം വൈകാതെ, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്ത്യാനികൾക്കെതിരെ അക്രമങ്ങളും കൂട്ടക്കൊലകളും ഉണ്ടായി. മുസ്ലിം ഭൂരിപക്ഷമുള്ള കുർദ്ദിഷ് ഗോത്രങ്ങളും സുൽത്താൻ ഹമീദിന്റെ സേനയും പരസ്പര ധാരണയോടെ ദിയാർബക്കീർ, മർദ്ദീൻ തുടങ്ങിയ നഗരങ്ങളിലെയും സമീപ ഗ്രാമങ്ങളിലെയും ക്രിസ്ത്യാനികളെ ആക്രമിക്കാൻ തുടങ്ങി.

അർമേനിയക്കാർക്കും അസീറിയക്കാർക്കും ഇതര ക്രിസ്ത്യാനികൾക്കുമെതിരായി ആസൂത്രിതമായി നടന്ന അക്രമത്തിൽ (1895-1896) മൂന്നു ലക്ഷത്തിലധികം ആളുകൾ കൊല്ലപ്പെടുകയും സ്ത്രീകളും കുട്ടികളും നിർബന്ധിത മതപരിവർത്തനത്തിന് വിധേയമാവുകയും ചെയ്തു. ഹമീദിയൻ കൂട്ടക്കൊലകൾ എന്ന് ചരിത്രത്തിൽ അറിയപ്പെടുന്ന ഈ അക്രമങ്ങൾ അർമേനിയക്കാരെയാണ് പ്രധാനമായും ലക്ഷ്യം വച്ചതെങ്കിലും, സുറിയാനി ഓർത്തഡോക്സ്, കൽദായ സുറിയാനി സമൂഹങ്ങളും അതിക്രമങ്ങൾക്ക് ഇരയായി.

ആട്ടിൻകൂട്ടമില്ലാത്ത ഇടയൻ


അക്രമങ്ങളും കൊലപാതകങ്ങളും അവസാനിപ്പിക്കാൻ ഭരണ നേതൃത്വത്തോട് അഭ്യർഥിച്ചുകൊണ്ട് പാത്രിയർക്കീസ് അക്രമ കേന്ദ്രമായിരുന്ന ദിയാർബക്കീറിലേക്ക് യാത്ര ചെയ്തു. ദുരിതമനുഭവിക്കുന്ന സ്വന്തം ജനങ്ങൾക്കു വേണ്ടി പള്ളികൾ അദ്ദേഹം രക്ഷാസങ്കേതങ്ങളായി തുറന്നു കൊടുത്തു; പക്ഷേ കൂട്ടക്കൊലകൾ തുടർന്നു. തന്റെ ആജ്ഞ അനുസരിച്ചു ആയുധങ്ങൾ താഴെ വച്ച സുറിയാനിക്കാരെ പട്ടാളം ആക്രമിച്ചു കൊലപ്പെടുത്തിയത് അദ്ദേഹത്തെ ഒട്ടൊന്നുമല്ല വേദനിപ്പിച്ചത്. കത്തുന്ന ഗ്രാമങ്ങളും കൂട്ടക്കൊലകളും നശിപ്പിക്കപ്പെട്ട പള്ളികളും കണ്ടപ്പോൾ, താൻ പിന്തുണച്ചിരുന്ന ഓട്ടോമൻ ഭരണകൂടത്തിലുള്ള വിശ്വാസം അദ്ദേഹത്തിന് നഷ്ടപ്പെട്ടു.

പാശ്ചാത്യ ശക്തികളായ ബ്രിട്ടൺ, ഫ്രാൻസ്, ജർമ്മനി, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള മിഷനറിമാർ തുർക്കിയിലെ സാഹചര്യം മുതലെടുത്തുകൊണ്ടിരുന്നു. അവരുടെ സഭകളിൽ ചേരുന്ന ക്രിസ്ത്യാനികൾക്കു ഈ രാജ്യങ്ങളുടെ സ്ഥാനാപതി കാര്യാലയങ്ങൾ സംരക്ഷണം വാഗ്ദാനം ചെയ്തു.

അവരോടൊപ്പം ചേർന്നവർക്ക് വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സാമ്പത്തിക സഹായം എന്നിവ അവർ നൽകിക്കൊണ്ടിരുന്നു. നിരവധി സുറിയാനി ക്രിസ്ത്യാനികളും അർമീനിയക്കാരും കൽദായരും ഫ്രഞ്ച് മിഷന്റെ സഹായം സ്വീകരിച്ചു കത്തോലിക്കാ സഭയിൽ ചേർന്നു. കുറെ ആളുകൾ പ്രൊട്ടസ്റ്റന്റ് സഭകളിലും അംഗത്വം നേടി. മിഷനറിമാരിൽ നിന്ന് അകന്നു നിന്നതുകൊണ്ട്, സഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെട്ടെങ്കിലും, കത്തോലിക്കാ, പ്രൊട്ടസ്റ്റന്റ് സഭകളുടെ പിന്തുണ ലഭിക്കാതിരിക്കാൻ ഇതു കാരണമായി.

അധികാരം നഷ്ടപ്പെടുന്നു

അധികാരമേറ്റ് പത്തു വർഷം കഴിഞ്ഞപ്പോൾ, ചില രാഷ്ട്രീയ കാരണങ്ങൾ കൊണ്ട്, 1905-ൽ തുർക്കി സുൽത്താൻ പാത്രിയർക്കീസിന്റെ അധികാരപത്രം പിൻവലിച്ചു. ഇത് പാത്രിയർക്കീസിന് ഓട്ടോമൻ സാമ്രാജ്യത്തിലെ സുറിയാനി സഭയുടെ മേലുണ്ടായിരുന്ന ഭൗതിക ഭരണാധികാരം നഷ്ടപ്പെടുന്നതിനു കാരണമായി. എന്നാൽ, പാത്രിയർക്കീസ് എന്ന നിലയിൽ തുർക്കി രാജ്യത്തിനു പുറത്തുള്ള സുറിയാനി സഭ അദ്ദേഹത്തെ അംഗീകരിച്ചിരുന്നു.



കിഴക്കൻ തുർക്കിയിൽ മർദ്ദീനിൽ പരിശുദ്ധ ഇഗ്നാത്തിയോസ് അബ്ദൽ മശിഹാ രണ്ടാമൻ പാത്രിയർക്കീസ് ബാവായുടെ കബർ മുറി (ഇടതുവശത്ത്). വലതുവശത്ത് മാർ പീലക്സീനോസ് ദൊലബാനിയുടെ കബർ (1969).

സുറിയാനി സഭയുടെ അംഗീകൃത നിയമ സംഹിതയായ ഹൂദായ കാനോൻ (ഗ്രിഗോറിയോസ് ബാർ എബ്രായ സമാഹരിച്ചത്) അനുസരിച്ചു, സഭയിൽ ഒരു പാത്രിയർക്കീസ് ഉള്ളപ്പോൾ ഏതെങ്കിലും കാരണങ്ങൾകൊണ്ടു മറ്റൊരാൾ പാത്രിയർക്കീസ് പദവിയിലെത്തിയാൽ, ആദ്യ പാത്രിയർക്കീസ് തന്നെ യഥാർത്ഥ ഭരണാധികാരിയായി പരിഗണിക്കപ്പെടണം. ആ നിലയ്ക്ക്, പിന്നീട് പാത്രിയർക്കീസ് ആയി അധികാരപത്രം ലഭിക്കുകയും ഭരണ നിർവ്വഹണം നടത്തുകയും ചെയ്ത ഗ്രിഗോറിയോസ് അബ്ദുൾ ആലോഹൊ (അബ്ദുള്ളാ പാത്രിയർക്കീസ്) കാനോനുകൾക്ക് വിരുദ്ധമായിട്ടാണ് പ്രവർത്തിച്ചത് എന്നു കാണാൻ കഴിയും.

കിഴക്കിന്റെ കാതോലിക്കേറ്റ്

മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കണമെന്നുള്ള ആവശ്യം മുളന്തുരുത്തി സുന്നഹദോസ് മുതലുള്ള കാലത്തു (1876) പല സന്ദർഭങ്ങളിലും ഉയർന്നിട്ടുണ്ട്. അന്ത്യോഖ്യൻ സുറിയാനി സഭയിൽ നിന്നു പതിനെട്ടാം നൂറ്റാണ്ടു മുതൽ വന്നുകൊണ്ടിരുന്ന മെത്രാന്മാർ, മലങ്കരയിൽ ഭിന്നിപ്പുണ്ടാക്കി അധികാരം നിലനിർത്താൻ ശ്രമിച്ചു. ഇവിടെനിന്ന് ആവശ്യമുള്ളപ്പോഴൊക്കെ ധനശേഖരണം നടത്താനും വിശുദ്ധ മൂറോൻ വില്പന നടത്തി പണമുണ്ടാക്കാനും പള്ളികളിലെ വിലപിടിപ്പുള്ള വസ്തുക്കൾ കൈക്കലാക്കാനും അവർ ഉത്സാഹിച്ചിരുന്നു. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ്, അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നു നേരിട്ട് മെത്രാൻ സ്ഥാനം സ്വീകരിച്ചതോടെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ലഭിക്കണമെങ്കിൽ പാത്രിയർക്കീസ് കനിയണം എന്ന അവസ്ഥയുമുണ്ടായി.

1909-ൽ മലങ്കരയിൽ വന്ന പരിശുദ്ധ അബ്ദുള്ളാ പാത്രിയർക്കീസ് (അബ്ദേദ് ആലോഹൊ സത്തുഫ്) ഇടവകപള്ളികളുടെ സ്വത്തുക്കൾ പാത്രിയർക്കീസിന്റെ പേരിൽ രജിസ്റ്റർ ചെയ്തു കൊടുക്കണമെന്ന് ആവശ്യ പ്പെട്ടത് മലങ്കരസഭയ്ക്ക് അംഗീകരിക്കാൻ കഴിഞ്ഞില്ല. ഇതിനെ തുടർന്നാണ് 1911-ൽ മലങ്കര മെത്രാപ്പോലീത്തായെ (വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ്) സ്ഥാന ഭ്രഷ്ടനാക്കി സഭയിൽ ഭിന്നിപ്പുണ്ടാക്കാൻ പാത്രിയർക്കീസ് ശ്രമിച്ചത്.

ഇതോടെ ഏറെക്കാലമായി സമുദായം ആവശ്യ പ്പെട്ടുകൊണ്ടിരുന്ന കാതോലിക്കേറ്റ് സ്ഥാപനം കാല ഘട്ടത്തിന്റെ അനിവാര്യതയായി മാറി. മലങ്കര മെത്രാ പ്പോലീത്തായുടെയും മാനേജിംഗ് കമ്മിറ്റിയുടെയും അഭ്യർഥനപ്രകാരം 1912-ൽ പരിശുദ്ധ അബ്ദേദ് മശിഹാ പാത്രിയർക്കീസ് മലങ്കരയിൽ എത്തുകയും മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ കിഴക്കിന്റെ കാതോലിക്കാ ആയി വാഴിക്കുകയും ചെയ്തു. 1912 സെപ്റ്റംബർ 15-നാണ് നിരണം വിശുദ്ധ മർത്തമറിയം പള്ളിയിൽ വച്ചു മോറാൻ മാർ ബസേലിയോസ് പൗലോസ് ഒന്നാമൻ എന്ന പേരിൽ മലങ്കരയിലെ പ്രഥമ കാതോലിക്കാ സ്ഥാനാരോഹണം ചെയ്യപ്പെട്ടത്.

പ്രഥമ കാതോലിക്കായെ വാഴിച്ചതു കൂടാതെ സഭയ്ക്ക് മൂന്നു മേല്പട്ടക്കാരെയും അദ്ദേഹം വാഴിച്ചു. ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (കല്ലാശേരിൽ),



പ. അബ്ദേദ് മിശിഹാ പാത്രിയർക്കീസ് ബാവായോടൊപ്പം ഒന്നാം കാതോലിക്കാ പ. ബസേലിയോസ് പൗലോസ് പ്രഥമൻ, വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ്, യൂയാക്കിം മാർ ഈവാനിയോസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പ. ഗീവർഗീസ് ദ്വിതീയൻ ബാവാ), ഗീവർഗീസ് മാർ പീലക്സീനോസ് (പ. ഗീവർഗീസ് പ്രഥമൻ ബാവാ).

ഗീവർഗീസ് മാർ പീലക്സിനോസ് (കാരുചിറ), യൂയാക്കിം മാർ ഈവാനിയോസ് (കരോട്ടുവീട്ടിൽ) എന്നിവരെ മെത്രാപ്പോലീത്താമാരായി വാഴിച്ചു സഭയെ വലിയ പ്രതിസന്ധിയിൽ നിന്നു രക്ഷിച്ചു.

കാതോലിക്കേറ്റിന്റെ സ്ഥാപനംകൊണ്ട് ഇന്ത്യയിലെ സുറിയാനി ഓർത്ത ഡോക്സ് സഭയ്ക്കുണ്ടായ പ്രയോജനങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1. സഭയുടെ തലവനായി കാതോലിക്കാ വാഴിക്കപ്പെട്ടു: ആത്മീയവും ഭരണ പരവുമായ കാര്യങ്ങളിൽ അങ്ങനെ സ്വയംഭരണം ഉറപ്പാക്കി. തുർക്കിയിലെ പാത്രിയർക്കീസിനെ ആശ്രയിക്കാതെ മെത്രാന്മാരെ നിയമിക്കാനും, വിശുദ്ധ മൂറോൻ കൂദാശ നടത്താനും സഭയ്ക്ക് അവകാശമുണ്ടായി.

2. അപ്പസ്തോലിക പാരമ്പര്യത്തിന്റെ തുടർച്ച: സഭയുടെ അന്തസ്സും അപ്പ സ്തോലിക സ്വത്വവും നിലനിർത്തിക്കൊണ്ട്, കിഴക്കിന്റെ കാതോലിക്കോസ് എന്ന പദവി പുനരുജ്ജീവിപ്പിച്ചു. മാർത്തോമാ ശ്ലീഹായുടെ അപ്പസ്തോലിക പിന്തുടർച്ച എന്ന ആശയം ഇതിലൂടെ ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞു.

3. സഭയുടെ നിയന്ത്രണം, അധികാരം എന്നിവ സംബന്ധിച്ച് ഉയർന്നുകൊണ്ടിരുന്ന തർക്കങ്ങൾക്കും കേസുകൾക്കുമുള്ള സ്വത്വബോധത്തിലൂന്നിയ ഒരു പ്രതികരണം കൂടിയായിരുന്നു കാതോലിക്കേറ്റ്.

4. സുറിയാനി ഓർത്തഡോക്സ് സഭയുമായുള്ള ആത്മീയ കൂട്ടായ്മയിൽ നിന്ന് മാറാതെതന്നെ സഭയ്ക്ക് ഓറിയന്റൽ ഓർത്തഡോക്സ് ദൈവ ശാസ്ത്രവും ആരാധനക്രമവും സംരക്ഷിക്കുവാൻ കഴിഞ്ഞു.

5. മലങ്കരയിലെ വിശ്വാസ സമൂഹത്തിൽ നിന്ന് ഒരു കാതോലിക്കാ ഉണ്ടായത്, ഇവിടുത്തെ വിശ്വാസികളുടെ സാംസ്കാരികവും ഭാഷാപരമായുമുള്ള ആവശ്യ ങ്ങളുമായി കൂടുതൽ സംവദിക്കാൻ കാരണമായി.

6. കാതോലിക്കാ സ്ഥാപനം ഇന്ത്യയിലെ സഭാംഗങ്ങളുടെ മനോവീര്യവും ഐക്യവും വർദ്ധിപ്പിക്കുന്നതിനു കാരണമായി. വൈദേശിക ആധിപ ത്യത്തിൽ നിന്നു മാറി, സഭാപരമായ അന്തസ്സിന്റെയും ദേശീയ സ്വത്വത്തിന്റെയും പ്രതീക മായി മാറി.

7. രാജ്യത്തിന്റെ പല ഭാഗത്തും ഭദ്രാസനങ്ങൾ, പള്ളികൾ, സെമിനാരികൾ, മിഷൻ കേന്ദ്രങ്ങൾ. ആശ്രമങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിവയുടെ ഏകോപനം സാധ്യമാക്കുന്നവിധത്തിൽ തദ്ദേശീയവും സ്ഥിരതയുള്ളതുമായ നേതൃത്വ ഘടന കാതോലിക്കേറ്റ് നൽകി.

1934-ൽ ഭരണഘടനാ നിർമ്മാണത്തിലൂടെ കാതോലിക്കേറ്റ് കൂടുതൽ ജനാധിപത്യ സ്വഭാവം കൈവരിച്ചു. വിവിധ സുന്നഹദോസുകൾ, മാനേജിംഗ് കമ്മിറ്റി തീരുമാനങ്ങൾ, അസ്സോസിയേഷനുകൾ എന്നിവയിലൂടെ വ്യവസ്ഥാപിത ഭരണം നിലനിർത്താനും സാധിച്ചു.

കാതോലിക്കേറ്റ് സ്ഥാപിക്കാൻ തയ്യാറായതിലൂടെ പരിശുദ്ധ അബ്ദേദ് മശിഹാ പാത്രിയർക്കീസ് മലങ്കരസഭയെ ശിഥിലീകരണത്തിൽ നിന്ന് രക്ഷി ക്കുകയും, ആധുനിക യുഗത്തിലേക്കുള്ള സഭയുടെ വളർച്ച ഉറപ്പാക്കുകയും ചെയ്തു.

ഒന്നാം ലോകമഹായുദ്ധത്തിനും അസീറിയൻ വംശഹത്യയ്ക്കും ഇടയിൽ 1915-ൽ (ഓഗസ്റ്റ് 30-നു) കാലം ചെയ്ത പരിശുദ്ധ പിതാവിന്റെ ഭൗതിക ശരീരം തുർക്കിയിലെ മർദ്ദീനിലുള്ള പുരാതന പാത്രിയർക്കാ ആസ്ഥാനമായ കുർ ക്കുമോ ദയറായിൽ കബറടക്കിയിരിക്കുന്നു. ഒന്നര ലക്ഷത്തോളം സുറിയാനി ക്രിസ്ത്യാനികൾ കൂട്ടക്കൊല ചെയ്യപ്പെട്ട അസീറിയൻ വംശഹത്യയുടെ (സെയ്ഫോ) പാരമ്യതയിലായിരുന്നു അദ്ദേഹത്തിന്റെ വിയോഗം. അദ്ദേഹ ത്തിന്റെ ഓർമ്മ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ, ശുനോയോ പെരു ന്നാളിനോടൊപ്പം (വിശുദ്ധ കന്യക മറിയാമിന്റെ സ്വർഗ്ഗാരോഹണം) ഭാഗസ്റ്റ് 15-നു ആചരിക്കുന്നു.

❑



മുഖ്യമന്ത്രിയുടെ പോലീസ് മെഡലിന് അർഹനായ പ്രസാദ് ഏബ്രഹാം വർഗീസ്. കോഴിക്കോട് ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥനാണ്. കോട്ടയം ചെറിയപള്ളി ഇടവകാം ഗമാണ്. കോട്ടയം ചെറിയപള്ളി മഹാഇടവക സെക്രട്ടറി, യുവജന പ്രസ്ഥാനത്തിന്റെ കോട്ടയം സെൻട്രൽ ഭദ്രാസന ജോയിന്റ് സെക്രട്ടറി, യുവജനം മാസിക എഡിറ്റോറിയൽ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. കോട്ടയം, മണർകാട്, കാഞ്ഞിരപ്പള്ളി, ഈരാറ്റുപേട്ട തുടങ്ങി വിവിധ സ്റ്റേഷനുകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.



സ്പന്ദിക്കുന്ന ഉൾക്കാഴ്ചകൾ

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

...സഭ വളരണം. അതുമാത്രമാണ് എന്റെ സ്വപ്നം. വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ സഭയുടെ സാക്ഷ്യം ഉത്തരേന്ത്യയിൽ ഫലപ്രദമായി നിർവ്വഹിക്കുവാൻ കഴിയുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ സഭയുടെ സമഗ്രമായ വളർച്ചയാണ് എന്റെ സ്വപ്നം...

കാലത്തിന് മുമ്പേ സഞ്ചരിക്കുന്ന ഉൾക്കാഴ്ചയുടെ കരുത്തും മതേതര കാഴ്ചപ്പാടും പൊതു നന്മയ്ക്കായുള്ള നിശ്ചയ ദാർഢ്യവുമായിരുന്നു തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ (1938–2018).

മദ്ധ്യതിരുവിതാംകൂറിൽ മാവേലിക്കര വടക്കേതലയ്ക്കൽ കുടുംബത്തിലെ പ്രധാന ശാഖയാണ് പുത്തൻകാവ് കിഴക്കേതലയ്ക്കൽ ഭവനം. മലങ്കര ഓർത്തഡോക്സ് സഭയുടെ ശക്തിയും സൗന്ദര്യവുമായി നിറഞ്ഞു നിന്നിരുന്ന പുത്തൻകാവ് ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ (1897–1951) ആ വൈദിക പാരമ്പര്യത്തിലെ പ്രഥമ ഗണനീയനാണ്. അദ്ദേഹത്തിന്റെ സഹോദര പുത്രനാണ് ചെങ്ങന്നൂർ ഭദ്രാസനാധിപനും പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ സെക്രട്ടറിയും എം.ഡി. സ്ക്കൂൾ കോർപ്പറേറ്റ് മാനേജരുമായിരുന്ന തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ.

ആദ്ധ്യാത്മിക ജീവിതത്തെ രൂപപ്പെടുത്തിയ പിതാക്കന്മാരെക്കുറിച്ച് ഒരിക്കൽ അദ്ദേഹം വ്യക്തമാക്കി. *എന്റെ പേട്രൻ സെയ്ന്റ് മാർ ബസേലിയോസ്സാണ്. പ. പരുമല തിരുമേനിയുടെ ജീവിതവിശുദ്ധിയും വട്ടശ്ശേരിൽ തിരുമേനിയുടെ നേതൃത്വശക്തിയും ക്രാന്തദർശിത്വവും എന്നെ ആകർഷിച്ചിട്ടുണ്ട്. പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്ക ബാവയുടെ സ്വർഗ്ഗീയ ആരാധനാശൈലിയും പുത്തൻകാവ് തിരുമേനിയുടെ കർമ്മോത്സാഹവും എന്നെ സ്വാധീനിച്ചു. പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവയാണ് ഭരണരംഗത്ത് എനിക്ക് മാതൃക.*

മലങ്കര സഭയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും സമാധാനത്തെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാട് പുലർത്തിയ തോമസ് മാർ അത്താനാസ്യോസ് തിരുമേനി സഭയിൽ സമാധാനം ഉണ്ടാകണമെന്ന് ആഗ്രഹിച്ചു. ആ കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കുവാനായി അക്ഷീണം യത്നിച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധേയമാണ്:

രണ്ടു വിഭാഗങ്ങളുമായി ഒരു വിശ്വാസം ഏറ്റുപറയുന്ന സഭ ഭാരതത്തിൽ ഭിന്നിച്ചു നിൽക്കുന്നത് നല്ലതല്ല. 1934-ലെ സഭാഭരണഘടനയുടെ അടിസ്ഥാനത്തിൽ സഭയുടെ സ്വാതന്ത്ര്യത്തിനോ കാതോലിക്കേറ്റിനോ യാതൊന്നും സംഭവിക്കാതെയുള്ള അനുരഞ്ജനം ഉണ്ടാകണം. സഭയിൽ വിഘടിത ഗ്രൂപ്പുകൾ ഉണ്ടാകരുത്. സഭയുടെ ഭരണഘടനയും നിയമവും അനുസരിച്ച് സഭാഭരണസംവിധാനം സഭയിൽ എല്ലാ സ്ഥലത്തും പരിരക്ഷിക്കപ്പെടണം. അങ്ങനെ ഒന്ന് നടപ്പിലായി കാണാൻ ആഗ്രഹിക്കുന്നു.

യു.ജി.സി. സ്കോളർഷിപ്പോടെ ബറോഡയിൽ 1966 ൽ എം.എഡിന് പഠിക്കുവാൻ എത്തിയതു മുതൽ അദ്ദേഹം ഉത്തരേന്ത്യയിൽ മലങ്കരസഭയുടെ സജീവ സാന്നിധ്യമായി. അന്ന് ഗുജറാത്തിൽ നാലു സ്ഥലങ്ങളിൽ മാത്രമേ സഭയുടെ ആരാധന ഉണ്ടായിരുന്നുള്ളു. ബറോഡ, അഹമ്മദബാദ്, ജാംനഗർ, ഗാന്ധിധാം. ഈ നാല് പള്ളികൾ ഒഴികെ ബാക്കി എല്ലാ പള്ളികളുടെയും സ്ഥാപനത്തിനു പിന്നിൽ ഫാ. കെ. റ്റി. തോമസ് എന്ന യുവ വൈദികനായിരുന്നു. പള്ളി പണിക്കായി ഒരു ഫണ്ട് രൂപീകരിക്കാനുള്ള പദ്ധതിയുമായി പ. മാത്യൂസ് പ്രഥമൻ ബാവായെ സമീപിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:

'എടോ, പള്ളി പണിയുന്ന പൈസാ കൊണ്ട് ഒരു സ്ക്കൂൾ ആരംഭിക്കുക. അതിനുള്ളിൽ ചാപ്പൽ പണിതാൽ മതി. എല്ലാവർക്കും ആരാധനയ്ക്ക് പങ്കുചേരാം'. അധികം താമസിച്ചില്ല. ബറോഡാ പള്ളിയുടെ നേതൃത്വത്തിൽ ബേസിൽ സ്ക്കൂൾ ആരംഭിക്കുവാൻ ഫാ. കെ. റ്റി. തോമസ് കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചു. ഉത്തരേന്ത്യയിൽ വൈദികനായി സേവനം ആരംഭിച്ചപ്പോൾ ബാഹ്യകേരള ഭദ്രാസനത്തിൽ നിന്നോ ബോംബെ ഭദ്രാസനത്തിൽ നിന്നോ ഒറ്റ പൈസാ പോലും ശമ്പളം വാങ്ങിയിട്ടില്ല. അന്ന് സ്ക്കൂളിൽ നിന്നും അദ്ദേഹത്തിന് ശമ്പളം ലഭിക്കുമായിരുന്നു. അതുകൊണ്ട് ഗുജറാത്തിലെ വിവിധ സ്ഥലങ്ങളിൽ ഇടവകകൾ സ്ഥാപിക്കുന്നതിന് കഴിഞ്ഞു.

ഗുജറാത്തിലെ മികവുറ്റ സ്ക്കൂളുകളുടെ ശില്പ ഘടനയ്ക്കു പിന്നിലെ പ്രചോദന കേന്ദ്രം മാത്യൂസ് പ്രഥൻ ബാവായുടെ ആഹ്വാനമാണ്. അന്നദ്ദേഹം ബാഹ്യ കേരളത്തിന്റെ മെത്രാപ്പോലീത്താ ആയിരുന്നു. 1969 ൽ ബറോഡായിൽ ആരംഭിച്ച ബേസിൽ സ്ക്കൂളാണ് അടിസ്ഥാനം. എന്നാൽ അതിനു മുമ്പെ ബറോഡായിലുള്ള 'ബേബി ലാൻഡ്' എന്ന സ്വകാര്യ സ്ക്കൂളിൽ ഹ്രസ്വകാലം പ്രവൃത്തിച്ചതാണ് സ്ക്കൂൾ നടത്തിപ്പിന്റെ രഹസ്യങ്ങൾ അറിയുവാൻ ഫാ. കെ. റ്റി. തോമസിനെ പ്രാപ്തമാക്കിയത്.

മലങ്കര സഭയുടെ ഭാവിയെക്കുറിച്ച് തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത നടത്തിയ ഉൾക്കാഴ്ചയുടെ മഹത്വം ഇന്നും പ്രസക്തമാണ്.

1. 'സഭയിലെ ജനങ്ങളെ നല്ല ദിശയിലേക്ക് നയിച്ചാൽ ജനം എപ്പോഴും കൂടെ പിന്തുടരും'. ജനങ്ങളെ പുതിയ ദർശനങ്ങളിലേക്കും പദ്ധതികളിലേക്കും നയിക്കുവാൻ കഴിയണം. അതിനുള്ള ശക്തമായ നേതൃത്വമാണ് എല്ലായിടവും ഉണ്ടാകേണ്ടത്.

2. ഞാൻ എല്ലാ കാര്യങ്ങളും പരിശുദ്ധ പരുമല തിരുമേനിയുടെ പ്രത്യേകം

മദ്ധ്യസ്ഥതയിൽ നടത്തും. അതിനാൽ ഒരിടത്തും പരാജയപ്പെടുവാൻ ഇടയായിട്ടില്ല.

3. നിയമം പാലിക്കുന്നവർക്ക് നിയമം നടപ്പാക്കുവാനുള്ള കരുത്തുണ്ടാകും. പറയുന്നതും പ്രവർത്തിക്കുന്നതും ഒന്നു തന്നെയായിരിക്കണം. അതിനാൽ എനിക്ക് പലപ്പോഴും കർക്കശ നിലപാട് എടുക്കേണ്ടി വന്നിട്ടുണ്ട്. നിയമം പാലിക്കുകയും നടപ്പാക്കുകയും ചെയ്യണമെന്നത് എനിക്ക് നിർബന്ധമാണ്.

4. ഏവർക്കും സഭയെ പൂർണ്ണമായി സ്നേഹിക്കുവാൻ കഴിയണം. സഭയുടെ വളർച്ചയിൽ എന്തു ചെയ്യുവാൻ കഴിയും എന്നതാണ് എന്റെ ലക്ഷ്യം. എനിക്ക് പേരും പ്രശസ്തിയും ആവശ്യമില്ല. എന്റെ സഭയാണ് എനിക്ക് പ്രധാനം. കാതോലിക്കാ ദിനപിരിവ് ഞാൻ കൃത്യമായി നൽകും. 'സഭാദിനത്തിന്' ഞാൻ ഏതു പള്ളിയിൽ കുർബ്ബാനയിൽ പങ്കെടുക്കുന്നുവോ ആ പള്ളിയിൽ എന്റെ വിഹിതം കാതോലിക്കാദിന പിരിവ് നൽകും.

5. സഭയിലെ എല്ലാ വിശ്വാസികളും സഭയോടു കൂറുള്ളവരായിരിക്കണം. എല്ലാവരിലും എങ്ങനെ സഭയെ സഹായിക്കാം എന്ന ചിന്ത ഉണ്ടാകണം 'എനിക്ക് ഈ സഭയ്ക്കായി എന്തു ചെയ്യുവാൻ കഴിയും' എന്ന ഉത്തരവാദിത്വബോധം വളർത്തണം. സഭയോടു മാത്രമല്ല സമൂഹത്തോടും രാഷ്ട്രത്തോടും പ്രതിബദ്ധതയുള്ളവരാകണം. രാജ്യത്തിന്റെ നന്മയ്ക്കായി എന്തു ചെയ്യുവാൻ കഴിയും എന്ന ചിന്ത യുവജനങ്ങളും വിദ്യാർത്ഥികളും വളർത്തിയെടുക്കണം.

ഫാ. കെ. റ്റി. തോമസ് 1985 ൽ മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് തോമസ് മാർ അത്താനാസ്യോസ് എന്നപേരിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. ആ മഹാപുരോഹിത യാത്രയിൽ 1985 മുതൽ ഞാനും പങ്കുചേർന്നു. ഗുരുവും പിതാവുമായി വഴിനടത്തി. പ്രീ സെമിനാരി വിദ്യാർത്ഥിയായിരിക്കുമ്പോൾ 1986 ൽ അദ്ദേഹത്തോടൊപ്പം ഇന്ത്യയുടെ വിവിധ സ്ഥലങ്ങളിൽ സന്ദർശിച്ചു. നിരവധി കാര്യങ്ങൾ നേരിട്ട് പഠിപ്പിച്ചു. ആ ഗുരുമുഖത്തുനിന്നും നിരവധി അഭിമുഖങ്ങൾ രൂപപ്പെടുത്തി പ്രസിദ്ധീകരിച്ചു. എപ്പോഴും പറയുന്നത് സഭയെക്കുറിച്ചും ഭാവിയെക്കുറിച്ചുമുള്ള കാഴ്ചപ്പാടുകൾ മാത്രം. ഒരിക്കൽ എന്നോട് ഉപദേശിച്ചു:

'നീതിബോധത്തിൽ ജീവിക്കണം. നീതിയെക്കുറിച്ചു മുഖത്തു നോക്കി പറയുവാൻ കഴിയണം'. പണത്തിന്റെ കാര്യത്തിൽ സുതാര്യത ഉണ്ടാകണം. അപ്പോൾ ആരുടെയും മുമ്പിൽ തല കുനിക്കേണ്ടി വരികയില്ല. ഏതു ചുമതല ഏറ്റെടുത്താലും അതിനെക്കുറിച്ച് പഠിക്കണം. ഓരോന്നും പ്രത്യേകം ശ്രദ്ധിക്കണം. ആവശ്യമായ ഗൃഹപാഠം ചെയ്തശേഷമേ പ്രവർത്തിക്കാവൂ. പലരും പറയുന്നതു കേട്ട് ആക്ട് ചെയ്യരുത്. സ്വയം സമയം എടുത്ത് വിഷയം ചിന്തിച്ച് പഠിച്ച് കൃത്യമായി ചെയ്തു തീർക്കണം. അവിടെയാണ് ഫലപ്രദമായ കൃത്യനിർവ്വഹണം ഉണ്ടാകുന്നത്. നല്ല അഡ്മിനിസ്ട്രേഷൻ ഉണ്ടെങ്കിൽ എല്ലാം ഭംഗിയാകും. അത് കുടുംബമായാലും സഭയായാലും സമൂഹമായാലും സ്ഥിതി ഒന്നു തന്നെ!

അഭി. വന്ദ്യ തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ ഈ ഉപദേശങ്ങൾ അദ്ദേഹത്തിന്റെ ജീവിത സന്ദേശങ്ങളാണ്. ശിഷ്യർക്ക് സത്ക്കർമ്മങ്ങൾക്കുള്ള സദൃശ്യവാക്യങ്ങളാണ്. ജീവിത വഴിയിൽ വെളിച്ചം പകർന്ന വന്ദ്യ ഗുരുവും പിതാവുമായ വലിയ ഇടയന്റെ സ്പന്ദിക്കുന്ന സ്മരണകൾക്കുമുമ്പിൽ പ്രണാമം.









കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ സുറിയാനി അധ്യാപകനായി പരിശുദ്ധ കാതോലിക്കാ ബാവാ നിയമിച്ച ഫാ. ഡോ. ഷാജൻ വർഗീസ്.

പാസ്റ്ററൽ കൗൺസലിംഗ് ഡിപ്ലോമ പ്രോഗ്രാം

കോട്ടയം: ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പാസ്റ്ററൽ കൗൺസലിംഗ് ഡിപ്ലോമ കോഴ്സിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. വ്യത്യസ്ത മേഖലകളിൽ ക്രിസ്തീയ ശുശ്രൂഷ ചെയ്യുന്നവർക്ക് സ്വയം മനസിലാക്കി കൂടുതൽ സജീവമായി പ്രവർത്തിക്കുന്നതിനും സങ്കീർണ്ണമായ ലോകത്ത് മറ്റുള്ളവർക്ക് ഉത്തമ സുഹൃത്തും വഴികാട്ടിയുമായിത്തീരുന്നതിനും ഈ കോഴ്സ് പ്രയോജനപ്പെടും. കോഴ്സിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ ഡയറക്ടറുമായി ബന്ധപ്പെടുക. അപേക്ഷകൾ സമർപ്പിക്കുവാനുള്ള അവസാന ദിവസം 15 സെപ്റ്റംബർ 2025) (ഫോൺ: 9495925518,9657874641)

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ



സാരെഫാത്തിലെ വിധവ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ദുഷ്കരമായ സമയങ്ങളിൽ പോലും ദൈവത്തിൽ വിശ്വസിക്കുകയും ദൈവത്തെ മുറുകെ പിടിക്കുകയും ചെയ്ത ആളുകളുടെ അത്ഭുതകരമായ നിരവധി പരാമർശങ്ങൾ ബൈബിൾ നമ്മോട് പറയുന്നു. അത്തരമൊരു വ്യക്തിയാണ് സാരെഫാത്തിലെ വിധവ. ഇസ്രായേൽ ദേശത്തിന് പുറത്തുള്ള സീദോൻ ദേശത്തെ സാരെഫാത്ത് എന്ന പട്ടണത്തിലാണ് അവൾ താമസിച്ചിരുന്നത്. നമുക്ക് അവളുടെ പേര് അറിയില്ലെങ്കിലും, വിശ്വസ്തത, അനുസരണം, ആതിഥ്യ മര്യാദ എന്നീ സദ് ഗുണങ്ങളുടെ വിളനിലമായിരുന്നു ആ വിധവ.

ഭക്ഷണമോ വെള്ളമോ ഇല്ലാതിരുന്ന ഒരു ക്ഷാമകാലത്താണ് അവൾ ജീവിച്ചത്. ഈ പ്രയാസകരമായ സമയത്ത്, ദൈവം പ്രവാചകനായ ഏലിയയെ അവളുടെ വീട്ടിലേക്ക് അയച്ചു. അവൾ ഒരു ഇസ്രായേല്യയല്ലെങ്കിലും, ദൈവം അവളെ തന്റെ പ്രവാചകനെ പരിപാലിക്കാൻ തിരഞ്ഞെടുത്തു. നല്ല ഹൃദയമുള്ള ആരെയും ദൈവത്തിന് ഉപയോഗിക്കാൻ കഴിയുമെന്ന് ഇത് നമ്മെ കാണിക്കുന്നു. അവളുടെ ജീവിതം വളരെ കഠിനമായിരുന്നു. എന്നിരുന്നാലും, പ്രവാചകനായ ഏലിയ അവളുടെ അടുക്കൽ വന്നപ്പോൾ, അദ്ദേഹത്തെ വേണ്ടവിധം സ്വീകരിക്കാനുള്ള സാഹചര്യം അവൾക്ക് ഇല്ലാതിരുന്നിട്ടും അവൾ വലിയ ആദരവ് കാണിച്ചു. അവളേക്കുറിച്ച് 1 രാജാക്കന്മാർ 17:816-ൽ കാണാം. ഈ എളിമയുള്ള സ്ത്രീയിൽ നിന്ന് നമുക്ക് പഠിക്കാൻ കഴിയുന്ന മനോഹരമായ അനവധി പാഠങ്ങളുണ്ട്.



1. പ്രതിസന്ധികൾക്കിടയിലും വിശ്വസ്തത

ഏലിയാവ് സാരെഫാത്തിൽ എത്തിയപ്പോൾ, ഒരു വിധവ അവനെ പരിപാലിക്കുമെന്ന് ദൈവം അവനോട് പറഞ്ഞു. ആ സമയത്ത്, ആ സ്ത്രീ തനിക്കും മകനും വേണ്ടി അവസാനത്തെ ഭക്ഷണം പാകം ചെയ്യാൻ വിറകു ശേഖരിക്കുകയായിരുന്നു. "അതിന് അവൾ നിന്റെ ദൈവമായ യഹോവയാണെ കലത്തിൽ ഒരു പിടി മാവും തുരുത്തിയിൽ അല്പം എണ്ണയും മാത്രമല്ലാതെ എനിക്ക് ഒരു അപ്പവുമില്ല. ഞാനിതാ രണ്ടു വിറക് പെറുക്കുന്നു ഇതുകൊണ്ട് ചെന്ന് എനിക്കും മകനും വേണ്ടി ഒരുക്കി അത് ഞങ്ങൾ തിന്നിട്ട് മരിപ്പാൻ ഇരിക്കുകയാകുന്നു എന്ന് പറഞ്ഞു" (1 രാജാക്കന്മാർ 17:12).

കാര്യങ്ങൾ എങ്ങനെ മാറുമെന്ന് നമുക്ക് മനസ്സിലാകാത്തപ്പോൾ പോലും, ദൈവത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുക എന്നതാണ് വിശ്വസ്തത എന്ന് ഇത് നമ്മെ കാണിക്കുന്നു.

വിധവയെക്കുറിച്ച് നാം ആദ്യം ശ്രദ്ധിക്കുന്ന സ്വഭാവങ്ങളിലൊന്ന് അവളുടെ വിശ്വാസമാണ്. ഏലിയാ അവളുടെ അടുക്കൽ വന്നപ്പോൾ, അവൾ തന്റെ അവസാനത്തെ ഭക്ഷണം പാകം ചെയ്യാൻ വിറകു ശേഖരിക്കുകയായിരുന്നു. അവളുടെ കൈവശം ഒരു പിടി മാവും അല്പം എണ്ണയും മാത്രമേ ശേഷിച്ചിരുന്നുള്ളു.

ഏലിയാ അവളോട് ആദ്യം തനിക്ക് കുറച്ച് അപ്പം തരാൻ ആവശ്യപ്പെട്ടു. ഇതൊരു ബുദ്ധിമുട്ടുള്ള അപേക്ഷയായിരുന്നു. കുറച്ച് ഭക്ഷണത്തിനുള്ള മാവ് മാത്രമേ അവൾക്കുണ്ടായിരുന്നുള്ളു, അതിനുശേഷം അവൾ മരിക്കുമെന്ന് പ്രതീക്ഷിച്ചു. എന്നാൽ അവളുടെ ഇല്ലായ്മയിലും, അവൾ ഏലിയയുടെ വചനം വിശ്വസിച്ചു. താൻ ഭക്ഷണം നൽകിയാൽ ദൈവം തന്നെയും മകനെയും പരിപാലിക്കുമെന്ന ദൈവത്തിൽ നിന്നുള്ള അവന്റെ സന്ദേശം അവൾ വിശ്വസിച്ചു. സാരെഫാത്തിലെ വിധവ എളിമയുള്ളവളും വിശ്വസ്തയുമായ ഒരു സ്ത്രീയായിരുന്നു. അവൾ ദൈവവുമായി തർക്കിക്കുകയോ തന്റെ സാഹചര്യത്തെക്കുറിച്ച് പരാതിപ്പെടുകയോ ചെയ്തില്ല. അവൾ തന്റെ കഠിനമായ ജീവിതം സ്വീകരിച്ചു, എന്നിട്ടും തന്റെ മകനെ പരിപാലിക്കാനും മറ്റുള്ളവരെ സേവിക്കാനും ശ്രമിച്ചു.

ഒരു അപരിചിതന്റെ വാക്കുകളിൽ വിശ്വസിച്ചും മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് തന്റേതിനേക്കാൾ പ്രാധാന്യം നൽകിയും അവൾ വലിയ വിശ്വാസം കാണിച്ചു. അവളുടെ വിശ്വാസം നിമിത്തം, ദൈവം അവൾക്കുവേണ്ടി ഒരു അദ്ഭുതം പ്രവർത്തിച്ചു.

പിന്നീട് അവളുടെ മകൻ രോഗിയായി മരിച്ചതിനുശേഷവും, അവൾ സത്യസന്ധതയോടും വേദനയോടും കൂടി ഏലിയാവിന്റെ അടുക്കൽ ചെന്നു, ഏലിയാവ് പ്രാർത്ഥിച്ചു, ദൈവം അവളുടെ മകനെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നു. ഇതിലൂടെ, അവളുടെ വിശ്വാസം കൂടുതൽ ശക്തമായി. ഈ വിധവയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് വിശ്വസ്തരായ ആളുകളുടെ ശാന്തവും എളിമയുള്ളതുമായ ഹൃദയങ്ങളെ ദൈവം കാണുന്നു എന്നാണ്. അവൾ ധനികയോ പ്രശസ്തയോ ശക്തയോ ആയിരുന്നില്ല. പക്ഷേ അവൾ ദൈവത്താൽ സ്നേഹിക്കപ്പെട്ടു, മറ്റുള്ളവരെ അനുഗ്രഹിക്കാൻ ദൈവം അവളെ ഉപയോഗിച്ചു.

2. ദൈവവചനത്തോടുള്ള അനുസരണം

വിധവയോട് ഏലിയാവ് സംസാരിച്ചപ്പോൾ അവൻ പറഞ്ഞു: "ഏലിയാവ് അവളോട് ഭയപ്പെടേണ്ട ചെന്ന് നീ പറഞ്ഞതുപോലെ ചെയ്യുക എന്നാൽ ആദ്യം എനിക്ക് ചെറിയൊരു അട ഉണ്ടാക്കി കൊണ്ടുവരിക പിന്നെ നിനക്കും നിന്റെ മകനും വേണ്ടി ഉണ്ടാക്കിക്കൊൾക. യഹോവ ഭൂമിയിൽ മഴപെയ്യിക്കുന്ന നാൾ വരെ കലത്തിലെ മാവ് തീർന്നു പോകയില്ല ഭരണിയിലെ എണ്ണ കുറഞ്ഞു പോകുകയും ഇല്ല എന്ന് ഇസ്രായേലിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു എന്ന് പറഞ്ഞു" (1 രാജാക്കന്മാർ 17:13-14).

ഇത് ചെയ്യാൻ ബുദ്ധിമുട്ടുള്ള കാര്യമായിരിക്കണം. അവസാനത്തെ ഭക്ഷണത്തിനുള്ള മാവ് മാത്രമേ അവൾക്കുണ്ടായിരുന്നുള്ളു. എന്നാൽ വിധവ ദൈവത്തിന്റെ പ്രവാചകനായ ഏലിയാവിനെ അനുസരിക്കാൻ തീരുമാനിച്ചു. അവൾ വീട്ടിലേക്ക് പോയി അവൻ പറഞ്ഞതുപോലെ തന്നെ ചെയ്തു.

അവളുടെ അനുസരണം അവൾക്ക് വലിയ അനുഗ്രഹം കൊണ്ടുവന്നു.

"അവൾ ചെന്ന് ഏലിയാവ് പറഞ്ഞതുപോലെ ചെയ്തു അങ്ങനെ അവളും അവനും അവളുടെ വീട്ടുകാരും ഏറിയനാൾ അഹോവൃത്തി കഴിച്ചു" (1 രാജാക്കന്മാർ 17:15).

നമ്മൾ പൂർണ്ണ ചിത്രം കാണാത്തപ്പോഴും, ദൈവത്തോടുള്ള അനുസരണം അദ്ഭുതങ്ങളിലേക്ക് നയിക്കുന്നുവെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ദൈവം തന്റെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരെ ബഹുമാനിക്കുന്നു.

വിധവ ധൈര്യവും അനുസരണവും കാണിച്ചു. ഏലിയാവിന്റെ അഭ്യർത്ഥന അവൾക്ക് വേണമെങ്കിൽ നിരസിക്കാമായിരുന്നു. 'ഇല്ല, എനിക്ക് നൽകാൻ ഒന്നുമില്ല' എന്ന് അവൾക്ക് പറയാമായിരുന്നു. പകരം, അവൾ അനുസരിച്ചു. അവൾ ശ്രദ്ധാപൂർവ്വം പ്രവാചകൻ പറഞ്ഞതുപോലെ പ്രവർത്തിക്കുകയും ചെയ്തു. ബുദ്ധിമുട്ടുള്ളപ്പോൾ പോലും ദൈവത്തെ ശ്രദ്ധിക്കാനും അവന്റെ നിർദ്ദേശങ്ങൾ പാലിക്കാനും അവൾ തയ്യാറാണെന്ന് അവളുടെ അനുസരണം കാണിക്കുന്നു.

ദൈവത്തിന്റെ വാഗ്ദാനത്തിൽ വിധവയ്ക്ക് വിശ്വാസമുണ്ടായിരുന്നു. അനുസരിച്ചാൽ ദൈവം തന്നെയും മകനെയും പരിപാലിക്കുമെന്ന് അവൾ വിശ്വസിച്ചു. അവളുടെ വിശ്വാസം ദുർബലമോ ചെറുതോ ആയിരുന്നില്ല. അത് ശക്തവും ധീരവുമായിരുന്നു.

അവളുടെ വിശ്വാസം നിമിത്തം ഒരു അദ്ഭുതം സംഭവിച്ചു. അവളുടെ ഭരണിയിൽ മാവും എണ്ണയും ഒരിക്കലും തീർന്നില്ല. എല്ലാ ദിവസവും അവൾക്ക് കഴിക്കാൻ ആവശ്യത്തിന് ഭക്ഷണം ഉണ്ടായിരുന്നു. ദൈവം വിശ്വാസത്തിന് പ്രതിഫലം നൽകുന്നുവെന്ന് ഈ അത്ഭുതം കാണിക്കുന്നു. സാരെഫാത്തിലെ വിധവ ദൈവത്തിൽ വിശ്വസിച്ചു, അവൻ അവൾക്ക് വേണ്ടതെല്ലാം നൽകി. ഈ അത്ഭുതം അവളെയും അവളുടെ മകനെയും മരണത്തിൽ നിന്ന് രക്ഷിച്ചു.

3. ദാരിദ്ര്യത്തിനിടയിലും ആതിഥ്യ മനോഭാവം

സാരെഫാത്തിലെ വിധവ ഏലിയാ പ്രവാചകനെ മുമ്പ് അറിഞ്ഞിരുന്നില്ല. അവൻ മറ്റൊരു ദേശത്തുനിന്നുള്ള ഒരു അപരിചിതനായിരുന്നു. പക്ഷേ അവൾ അവനെ തന്റെ വീട്ടിലേക്ക് സ്വാഗതം ചെയ്യുകയും അവനെ പരിചരിക്കുകയും ചെയ്തു. വിധവയുടെ മറ്റൊരു പ്രധാന ഗുണം അവളുടെ അതിഥി സത്ക്കാരമാണ്. അവൾ ഒരു ധനികയായ സ്ത്രീ ആയിരുന്നില്ല. അവൾക്ക് കഴിക്കാൻ വളരെ കുറച്ച് മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നിട്ടും ഏലിയാവ് അവളോട് ഭക്ഷണവും വെള്ളവും ആവശ്യപ്പെട്ടപ്പോൾ അവൾ അവനെ നിരസിച്ചില്ല. വളരെ ചെറുതായിരുന്നിട്ടും അവൾ അവൾക്ക് നൽകിയത് നൽകി. ആ അതിഥി സത്ക്കാര പ്രവൃത്തി വളരെ ശക്തമാണ്. അധികമായി ലഭിക്കാൻ അവൾ കാത്തിരുന്നില്ല. അവൾക്കുള്ള ചെറിയതിൽ നിന്ന് അവൾ നൽകി. തനിക്ക് തന്നെ ഭക്ഷണം ആവശ്യമുണ്ടായിരുന്നപ്പോൾ പോലും അവൾക്ക് ഒരു നല്ല ഹൃദയവും മറ്റുള്ളവരെക്കുറിച്ച് കരുതലും ഉണ്ടായിരുന്നുവെന്ന് ഇത് കാണിക്കുന്നു.

'ഞാനിതാ രണ്ടു വിറക് പെറുക്കുന്നു ഇതുകൊണ്ട് ചെന്ന് എനിക്കും മകനും വേണ്ടി ഒരുക്കി അത് ഞങ്ങൾ തിന്നിട്ട് മരിപ്പാൻ ഇരിക്കുകയാകുന്നു എന്ന് പറഞ്ഞു' (1 രാജാക്കന്മാർ 17:12).

അവൾ മരിക്കാൻ തയ്യാറായിരുന്നു, പക്ഷേ അപ്പോഴും ഒരു അപരിചിതനുമായി തനിക്കുള്ളത് പങ്കിടാൻ തീരുമാനിച്ചു. ഇത് യേശുവിന്റെ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു: 'ഈ ദരിദ്രയായ വിധവ എല്ലാവരേക്കാളും അധികം ഇട്ടിരിക്കുന്നു എന്ന് ഞാൻ സത്യമായി നിങ്ങളോട് പറയുന്നു' (ലൂക്കോസ് 21:3).

നമ്മൾ എത്ര നൽകുന്നു എന്നല്ല, എങ്ങനെ നൽകുന്നു എന്നതിലാണ് ദൈവം നോക്കുന്നത്. നാം ദയയുള്ള ഹൃദയത്തോടെ നൽകുമ്പോൾ, നമ്മുടെ ചെറിയ തുക പോലും ദൈവത്തിന്റെ കൈകളിൽ കൂടുതലായി മാറുന്നു. വിധവയുടെ ഭരണിയിലെ മാവും എണ്ണയും ഒരിക്കലും തീർന്നു പോയില്ല. അവൾ ഒരിക്കൽ നൽകി, ദൈവം തുടർന്നും നൽകി.

പലരും അവരുടെ സമ്പത്തിൽ നിന്ന് നൽകുന്നു. എന്നാൽ വിധവ തന്റെ ദാരിദ്ര്യത്തിൽ നിന്നാണ് നൽകിയത്, തന്റെ സമൃദ്ധിയല്ല. ഇത് അവളുടെ പ്രവൃത്തിയെ കൂടുതൽ സവിശേഷമാക്കുന്നു. ഏലിയാവിനെ അവൾ എങ്ങനെ സ്വീകരിച്ചുവെന്നും അവസാന ഭക്ഷണം പങ്കിട്ടുവെന്നും കാണുമ്പോൾ അവളുടെ ദയയും നിസ്വാർത്ഥതയും വ്യക്തമാണ്.

നമ്മുടെ ഇല്ലായ്മയിൽ പോലും മറ്റുള്ളവരെ സഹായിക്കാൻ നമ്മൾ എപ്രകാരം തയ്യാറാണ് എന്നതിനെക്കുറിച്ചാണ് ഔദാര്യം എന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

ധൈര്യം എന്നത് ഭയമില്ലാത്തതിനെക്കുറിച്ചല്ല, ഭയപ്പെടുമ്പോഴും ശരിയായ കാര്യം ചെയ്യുന്നതിനെക്കുറിച്ചാണ്. വിധവ പ്രത്യാശയുള്ള ഒരു സ്ത്രീയായിരുന്നു. അവൾ ഒരു മികച്ച നാളെ പ്രതീക്ഷിച്ചു, ആ പ്രതീക്ഷ അവളെ മുന്നോട്ട് നയിച്ചു.

പ്രവാചകനായ ഏലിയാ വിധവയെ കണ്ടുമുട്ടിയപ്പോൾ, അവൻ അവളോട് അല്പം വെള്ളവും ഒരു കഷണം അപ്പവും ചോദിച്ചു. അവളുടെ കൈവശം ഒന്നും ബാക്കിയില്ലെങ്കിലും, ഒരു അപരിചിതനെ സഹായിക്കാൻ അവൾ തയ്യാറായിരുന്നു. അവളുടെ പക്കൽ ഒരു പിടി മാവും അല്പം എണ്ണയും മാത്രമേ ഉള്ളൂ എന്ന് അവൾ ഏലിയയോട് പറഞ്ഞു.

എന്നിട്ടും, അവൾ ദയയും ആതിഥ്യമര്യാദയും കാണിച്ചു. 'ഇല്ല' എന്ന് പറഞ്ഞ് നടന്നുപോകുന്നതിനു പകരം, അവൾ തന്റെ സാഹചര്യം സത്യസന്ധമായി വിശദീകരിച്ചു, ഏലിയാ പറഞ്ഞത് ശ്രദ്ധിച്ചു.

4. ദൈവത്തിന്റെ അനുഗ്രഹം ലഭിച്ചവൾ

വിധവയുടെ വിശ്വാസം, അനുസരണം, ഔദാര്യം, ആതിഥ്യം എന്നിവ കാരണം, ദൈവം അവളെ അനുഗ്രഹിച്ചു. ബൈബിൾ പറയുന്നു: "ഭരണിയിലെ മാവ് തീർന്നുപോയില്ല, എണ്ണ നിറച്ച പാത്രത്തിലെ എണ്ണയും തീർന്നുപോയില്ല." (1 രാജാക്കന്മാർ 17:16). അവൾ ദൈവത്തിന് കൊടുത്തത് ദൈവം പലമടങ്ങ് തിരിച്ചു നൽകി. അവൾക്കും അവളുടെ മകനും വളരെക്കാലം കഴിക്കാൻ പര്യാപ്തമായിരുന്നു.

പിന്നീട്, അവളുടെ മകൻ രോഗിയായി മരിച്ചു, പക്ഷേ ഏലിയാവ് പ്രാർത്ഥിച്ചു, ദൈവം അവളുടെ മകനെ ഉയിർപ്പിച്ചു. ഇത് രണ്ടാമത്തെ അദ്ഭുതമായിരുന്നു. വിധവ പറഞ്ഞു: "നീ ദൈവപുരുഷനാണെന്നും നിന്റെ വായിൽ നിന്നുള്ള കർത്താവിന്റെ വചനം സത്യമാണെന്നും ഇപ്പോൾ എനിക്കറിയാം." ദൈവം എത്ര ശക്തനും സ്നേഹനിധിയുമാണെന്ന് അവൾ കണ്ടതിനാൽ അവളുടെ വിശ്വാസം കൂടുതൽ ശക്തമായി.

വിധവ ഏലിയാവിനോട് തർക്കിച്ചില്ല. അവൾ ശ്രദ്ധിച്ചു, പഠിച്ചു, പിന്തുടർന്നു. എല്ലാം അറിയാമെന്ന് അവൾ കരുതിയില്ല. അവൾക്ക് ഒരു എളിമയുള്ള ഹൃദയമുണ്ടായിരുന്നു. അവൾ സഹായം സ്വീകരിച്ചു, തിരുത്തൽ സ്വീകരിച്ചു, ദൈവത്തിന് അവളുടെ ജീവിതത്തിൽ ഒരു സ്ഥാനം നൽകി. അവളുടെ എളിമയുള്ള മനോഭാവം ദൈവത്തിന്റെ അനുഗ്രഹങ്ങൾ നേടാൻ അവളെ സഹായിച്ചു.

യേശു തന്നെ സാരെഫാത്തിലെ വിധവയെക്കുറിച്ച് സംസാരിച്ചു. അദ്ദേഹം പറഞ്ഞു: "ഏലിയാവിന്റെ കാലത്ത് ആകാശം മൂവാണ്ടും ആറുമാസവും അടഞ്ഞിട്ട് ദേശത്ത് എങ്ങും മഹാക്ഷാമം ഉണ്ടായപ്പോൾ ഇസ്രായേലിൽ പല വിധവമാർ ഉണ്ടായിരുന്നു എന്ന് ഞാൻ യഥാർത്ഥമായി നിങ്ങളോട് പറയുന്നു എന്നാൽ സീദോനിലെ സരെ പ്തയിൽ ഒരു വിധവയുടെ അടുക്കലേക്ക് അല്ലാതെ അവരിൽ ആരുടെയും അടുക്കലേക്ക് ഏലിയാവിനെ അയച്ചില്ല" (ലൂക്കോസ് 4:25-26).

അവളുടെ വിശ്വാസത്തെ യേശു പ്രശംസിച്ചു. ആ സമയത്ത് അവൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ ഭാഗമായിരുന്നില്ല, പക്ഷേ അവളുടെ പ്രവൃത്തികൾ ദൈവത്തെ മറ്റുള്ളവരെക്കാൾ കൂടുതൽ സന്തോഷിപ്പിച്ചു.

ദൈവം നമ്മുടെ പശ്ചാത്തലം, സ്ഥാനം, സമ്പത്ത് എന്നിവയല്ല, മറിച്ച് നമ്മുടെ ഹൃദയങ്ങളെയാണ് കാണുന്നതെന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. ലളിതമായ വിശ്വാസത്തിനും അനുസരണത്തിനും അവൻ വില കൽപ്പിക്കുന്നു.

വിധവയുടെ പരാമർശം അവളെക്കുറിച്ചുള്ളത് മാത്രമല്ല. ദൈവത്തിന്റെ സ്നേഹത്തിന്റെയും ശക്തിയുടെയും പ്രകടനം കൂടിയാണിത്. പ്രധാനപ്പെട്ട

എന്തെങ്കിലും ചെയ്യാൻ ദൈവം ലളിതയും ദരിദ്രയുമായ ഒരു സ്ത്രീയെ തിരഞ്ഞെടുത്തു. തന്റെ പ്രവാചകനെ സഹായിച്ചും അവന്റെ അത്ഭുതങ്ങൾ സ്വീകരിച്ചും അവൾ ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായി.

വിശ്വാസം, അനുസരണം, ദയ എന്നിവയെക്കുറിച്ച് മറ്റുള്ളവരെ പഠിപ്പിക്കുന്ന അവളുടെ ജീവിതം ഒരു സാക്ഷ്യമായി മാറി. ഇന്നും ആളുകൾ അവളുടെ മാതൃകയിൽ നിന്ന് പഠിക്കുന്നു. ദൈവത്താൽ ഉപയോഗിക്കപ്പെടാൻ നിങ്ങൾ ധനികനോ പ്രശസ്തനോ ആകേണ്ടതില്ലെന്ന് അവൾ നമ്മെ കാണിക്കുന്നു. നിങ്ങൾക്ക് വേണ്ടത് മനസ്സൊരുക്കമുള്ള ഒരു ഹൃദയമാണ്.

സാരെഫാത്തിലെ വിധവ വളരെ പ്രത്യേകതയുള്ള ഒരു സ്ത്രീയായിരുന്നു. അവൾക്ക് സമ്പത്ത് അധികമൊന്നും ഉണ്ടായിരുന്നില്ല, പക്ഷേ അവൾ എപ്പോഴും ദൈവത്തിൽ വിശ്വസിക്കാൻ തീരുമാനിച്ചു. ബുദ്ധിമുട്ടുള്ളപ്പോഴും അവൾ ഏലിയാവ് പറഞ്ഞത് വിശ്വസിച്ചു. അവൾ അനുസരിച്ചു, തന്റെ അവസാനത്തെ ഭക്ഷണവും പങ്കിട്ടു, അവനെ തന്റെ വീട്ടിലേക്ക് സ്വാഗതം ചെയ്തു.

ദരിദ്രരോ അജ്ഞാതരോ ആണെങ്കിൽ പോലും, തന്നിൽ വിശ്വസിക്കുന്ന ആളുകളിലൂടെ ദൈവത്തിന് വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് അവളുടെ ജീവിതം നമ്മെ കാണിക്കുന്നു. ദൈവത്തെ സേവിക്കാൻ നമുക്ക് ഏറെയൊന്നും ആവശ്യമില്ല, സ്നേഹവും വിശ്വാസവുമുള്ള ഒരു ഹൃദയം മാത്രം ഉണ്ടായാൽ മതി.

വിധവയെപ്പോലെ, നമുക്ക് ദൈവത്തെ വിശ്വസിക്കാനും, അവന്റെ വചനം അനുസരിക്കാനും, നമുക്കുള്ളത് പങ്കിടാനും, മറ്റുള്ളവരെ സഹായിക്കാനും തിരഞ്ഞെടുക്കാം. നമ്മൾ അങ്ങനെ ചെയ്യുമ്പോൾ, ദൈവം നമ്മെയും പരിപാലിക്കും. താനും മകനും അതിജീവിക്കുമോ എന്ന് അറിയാത്തപ്പോൾ ഒരു അപരിചിതന് ഭക്ഷണം നൽകാൻ ധൈര്യം ആവശ്യമായിരുന്നു. എന്നാൽ അവൾ ദൈവത്തിന്റെ വാഗ്ദാനത്തിൽ വിശ്വസിക്കുകയും ഏലിയാവ് അവളോട് ചെയ്യാൻ പറഞ്ഞത് അനുസരിക്കുകയും ചെയ്തു. അതുകൊണ്ടാണ്, ദൈവം അവളെയും അവളുടെ കുടുംബത്തെയും പരിപാലിച്ചത്.

വിധവ എളിമയുള്ളവളായിരുന്നു, അവളുടെ കഠിനമായ ജീവിതത്തെക്കുറിച്ച് പരാതിപ്പെട്ടില്ല. അവൾ ദൈവത്തിൽ വിശ്വസിക്കുക മാത്രമാണ് ചെയ്തത്, ശരിയായത് ചെയ്തു. ദൈവം നമ്മെ ഉപയോഗിക്കുന്നതിന് നാം ധനികരോ പ്രധാനപ്പെട്ടവരോ ആയിരിക്കേണ്ടതില്ലെന്ന് അവളുടെ കഥ നമ്മെ കാണിക്കുന്നു. നമുക്ക് നല്ല ഹൃദയവും, ശക്തമായ വിശ്വാസവും, ദൈവത്തിലുള്ള ആശ്രയവും ഉണ്ടെങ്കിൽ, അവന് നമ്മളിലൂടെ വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയും.

എത്ര ദരിദ്രനായാലും അജ്ഞാതനായാലും ദൈവത്തിന് ആരെയും ഉപയോഗിക്കാൻ കഴിയുമെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അവനെ വിശ്വസിക്കുന്ന ഒരു ഹൃദയമാണ് പ്രധാനം. ഈ വിധവയെപ്പോലെ, നമുക്ക് വിശ്വസ്തനായിരിക്കാനും ദൈവത്തെ അനുസരിക്കാനും ഉദാരമതികളായിരിക്കാനും മറ്റുള്ളവരോട് ദയ കാണിക്കാനും കഴിയണം. ❑



അഹമ്മദാബാദ് ഭദ്രാസന സൺഡേ സ്കൂൾ വാർഷിക അധ്യാപക യോഗം രാജസ്ഥാനിലെ അബു റോഡിലുള്ള ജ്യോതിസ് ആശ്രമത്തിൽ നടന്നു. ഡോ. ഗീവർഗീസ് മാർ തിയോഫിലോസ്, അലക്സിയോസ് മാർ യൂസേബിയസ് എന്നിവർ നേതൃത്വം നൽകി. ഫീലിപ്പോസ് റമ്പാൻ, ഫാ. ഡെന്നീസ് ഡാനിയേൽ, ഫാ. ഗീവർഗീസ് ജോർജ്, റിൻസി ജോൺ, ജോൺ യേശുദാസൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു.



ഫൗണ്ടേഷൻ ഫോർ അഡ്വാൻസ്ഡ് സയൻസ് ആൻഡ് ടെക്നോളജി (FAST) INDIA യുടെ ഇന്ത്യ സയൻസ് ബുക്ക് ഫെലോഷിപ്പ് (ISBF) 2024-25-ലെ ഗ്രാന്റിയായി സ്നേഹ മേരി മാത്യു തെരഞ്ഞെടുക്കപ്പെട്ടു. ലക്നൗ, ബി. എസ്. ഐ. പി. യിലെ ഗവേഷണ വിദ്യാർത്ഥിയാണ് സ്നേഹ. മാവേലിക്കര ഭദ്രാസന ഓഡിറ്റർ ആപ്പേത്ത് മാത്യു ജേക്കബിന്റെ മകളും ചേപ്പാട് വലിയ പള്ളി ഇടവകാംഗവുമാണ്. അഖില കേരള ബാലജനസഖ്യം സംസ്ഥാന സെക്രട്ടറിയും പി. സി. അലക്സാണ്ടർ മെമ്മോറിയൽ പ്രസംഗ മത്സര ഒന്നാം സ്ഥാന ജേതാവും മലങ്കര ഓർത്തഡോക്സ് സഭ സൺണ്ടേസ്ക്കൂൾ പ്രതിഭയും ആയിരുന്നു.



പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവ അനുസ്മരണ സമ്മേളനവും ഗോപിനാഥ് മുതുകാടിന് ഈ വർഷത്തെ സാന്ത്വന സ്പർശം അവാർഡ് ദാനവും ആഗസ്റ്റ് 15-നു കുന്നംകുളം ബഥനി സെന്റ് ജോൺസ് ഇംഗ്ലീഷ് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു.

വചനതീർത്ഥം



വാങ്ങിപ്പിനുശേഷം രണ്ടാം ഞായർ

(വി. ലൂക്കോസ് 11:9-20)

ഫാ. മോൻസി ഫിലിപ്പ്

ക്രിസ്തീയ ജീവിതത്തിൽ ദൈവവുമായുള്ള ബന്ധം ഊഷ്മളമാകുന്നത് പ്രാർത്ഥനയിലൂടെയാണ്. പ്രാർത്ഥിക്കുമ്പോൾ മൂന്ന് ഘടകങ്ങൾ പ്രധാനമാണ്. പ്രത്യാശ, സ്ഥിരത, വിശ്വാസം. ഇന്നത്തെ വേദഭാഗവും ഇത് ഓർമ്മിപ്പിക്കുന്നു. വി. ലൂക്കോസ് 11:9-20. പ്രാർത്ഥനയുടെ ശക്തിയും, പ്രാധാന്യവും യേശു പഠിപ്പിക്കുന്നു. പ്രാർത്ഥനയുടെ ഫലസിദ്ധിയെക്കുറിച്ചുള്ള കർത്താവിന്റെ വ്യവസ്ഥകൾ. നന്മ ആഗ്രഹിക്കുന്നവർ ചെയ്യേണ്ട കാര്യങ്ങൾ, തുടർന്ന് പിശാചുക്കളെ പുറത്താക്കാൻ യേശുവിന് അധികാരം എവിടെ നിന്നാണ് ലഭിച്ചത് എന്ന വൈരികളുടെ ചോദ്യത്തിൽ ക്രിസ്തുവിന്റെ പ്രതികരണം. ഇവയാണ് വേദഭാഗ ഇതിവൃത്തം.

വേദഭാഗ ചിന്തകൾ

(1) പ്രാർത്ഥനയിൽ സ്ഥിരത

വി. ലൂക്കോസ് 11:9-10

ഈ ഭാഗം പ്രാർത്ഥനയിൽ നന്മ ലഭിക്കണം എന്ന ആഗ്രഹമുള്ളവന്റെ ഭാഗത്തുനിന്ന് നടപ്പിലാക്കേണ്ട വ്യവസ്ഥകളെക്കുറിച്ച് യേശു പഠിപ്പിക്കുന്നു. യാചിപ്പിൻ, അന്വേഷിപ്പിൻ, മുട്ടുവിൻ. ഇത് ആവശ്യങ്ങൾക്കുവേണ്ടി മാത്രമുള്ള പ്രകടനം ആകരുത്. തുടർച്ചാ പ്രക്രിയ ആകണം. മലയാള പരിഭാഷയിൽ യാചിപ്പിൻ, അന്വേഷിപ്പിൻ, മുട്ടുവിൻ എന്നാണ്. എന്നാൽ മൂലഭാഷയായ ഗ്രീക്കിൽ തുടർച്ചപ്രക്രിയയാണ് കൊടുത്തിരിക്കുന്നത്. അതായത് യാചിച്ചു കൊണ്ടേയിരിപ്പിൻ, അന്വേഷിച്ചുകൊണ്ടേയിരിപ്പിൻ, മുട്ടിക്കൊണ്ടേയിരിപ്പിൻ.നിരന്തരം തുടരുന്ന ഒരു പ്രക്രിയയാണത്.

"ദൈവസാന്നിദ്ധ്യം തിരിച്ചറിയുക, അനുഭവിച്ചറിയുക എന്നത് അന്യമൂല്യമായൊരനുഭവമാണ്."

നിർമ്മലമായ മനസ്സുള്ളവർക്കും, കരുണാർദ്രമായ ഹൃദയമുള്ളവർക്കും ദൈവം ആത്മമിത്രമാണ്, സന്തതസഹചാരിയാണ്. അതിനാൽ പ്രാർത്ഥനയിൽ നാം കുറെക്കൂടെ സ്ഥിരമാനസ്സരാകണം. ആത്മീയമായ പ്രാർത്ഥന മനസ്സിന്റെ ഭക്ഷണമാണ്. മനുഷ്യഭാവ വൈകൃതങ്ങളിൽ നിന്നുള്ള മോചനവും സുതാര്യതയുടെ പുഷ്പവുമാണ് പ്രാർത്ഥന. കരുണ നിറഞ്ഞവന്റെ വാതിലിൽ മുട്ടിയവരാരും നിരാശപ്പെട്ടതായി തിരുവെഴുത്തിലില്ല. നാം അന്വേഷിക്കുന്ന സുഖസൗകര്യാദികൾലഭിക്കാത്തത്, അന്വേഷിക്കേണ്ടത് അന്വേഷിക്കായ്കയാലത്രേ. ദൈവം അനുഗ്രഹദാനവുമായി "കൈനീട്ടിയിരിക്കുന്നു." നമ്മുടെ രണ്ടു കൈയും നീട്ടേണ്ടത് നമ്മുടെ ചുമതല. മൂന്ന് കാര്യങ്ങൾ അനുഗ്രഹം നഷ്ടപ്പെടുത്തുന്നു.

1.അകലം
2. അവഗണന
3. അവിശ്വാസം

"എന്ന വിളിച്ചപേക്ഷിക്ക; ഞാൻ നിനക്കുത്തരം അരുളും." യിരെമ്യാവ് 33:3

ഒരു നന്മയ്ക്കുവേണ്ടി ഒരിക്കലോ രണ്ട് പ്രാവശ്യമോ പലകുറിയോ പ്രാർത്ഥിച്ചിട്ടു ഫലം ലഭിക്കാതിരുന്നാലും മടുത്തു പിൻമാററുത്. തുടരണം പ്രാർത്ഥനകൾ, അതിനാൽ യേശു ഓർമ്മിപ്പിക്കുന്ന മൂന്ന് കാര്യങ്ങൾ

1. യാചിച്ചുകൊണ്ടേയിരിപ്പിൻ

നാം യാചിക്കുന്നത് നിവർത്തിച്ചു തരുവാൻ പ്രാപ്തനാണ് ദൈവം. ഉറച്ച വിശ്വാസം നമുക്കുണ്ടാകണം. നാം യാചിക്കേണ്ടതാണ് "പിതാവിന്റെ ഇഷ്ട നിർവഹണത്തിനു വേണ്ടിയാകണം."

"എന്റെ ഇഷ്ടമല്ല അങ്ങയുടെ ഹിതം പോലെ."

പ്രാർത്ഥനയിൽ ക്ഷീണിക്കാതെ നിരന്തരം കർത്താവിനോട് അപേക്ഷിക്കണം. പ്രാർത്ഥന ദൈവത്തോട് നമ്മേ ബന്ധിപ്പിക്കുന്നു. അത് സംഭാഷണം മാത്രമല്ല വിശ്വാസത്തിന്റെ പ്രകടനമാണ്.

"ഇടവിടാതെ പ്രാർത്ഥിപ്പിൻ" 1 തെസ്സ. 5:17

തളരാതെ ശ്രമിപ്പിൻ.നമ്മുടെ നിരന്തര പരിശ്രമം ഫലം വിജയം തന്നെ.

2. അന്വേഷിച്ചുകൊണ്ടേയിരിപ്പിൻ

ദൈവതിരുഹിതം അന്വേഷിച്ചുകൊണ്ടേയിരിക്കണം. അവന്റെ രാജ്യവും നീതിയും അന്വേഷിക്കണം. അന്വേഷിക്കുക എന്നത് സത്യത്തെ തേടുന്ന യാത്രയാണ്. ക്രിസ്തുവിനെ അന്വേഷിക്കുന്നവർക്ക്, അവൻതന്നെ വഴിയും, സത്യവും, ജീവനുമായി വെളിപ്പെടുന്നു.

"ഞാൻ യഹോവയോട് ഒരു കാര്യംഅപേക്ഷിച്ചു. അത് തന്നെ ഞാൻആഗ്രഹിക്കുന്നു. യഹോവയുടെ മനോഹരത്വം കാണ്മാനും, അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനും തന്നെ." സങ്കീ. 27:4.

ദൈവഹിതം അന്വേഷിച്ച് നിറവേറ്റുന്നതാണ് വിശ്വാസികളുടെ കരുത്ത്. ദൈവഹിതം മനസ്സിലാക്കി ആ വഴിയിലൂടെ സഞ്ചരിക്കുമ്പോൾ നമുക്ക് ലഭിക്കുന്നത് ആത്മാവിന്റെ സമാധാനമാണ്.

3. മുട്ടിക്കൊണ്ടേയിരിപ്പിൻ

മുട്ടിപ്പായി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത കർത്താവ് വ്യക്തമാക്കുന്നു. അവിടെയും വേണ്ടത് ഉറച്ച വിശ്വാസം കൂടിയാണ്. ക്രിസ്തുവിന്റെ പ്രാർത്ഥനാമനോഭാവം നമ്മളിലും ഉണ്ടാകണം. അഹംഭാവവും സ്വാർത്ഥതയും, ദൈവത്തോടുള്ള മത്സരബുദ്ധിയും ഒഴിവാക്കണം. നിർമ്മല ഹൃദയത്തോടെ ദൈവസന്നിധിയിൽ കടന്നുവരണം. ദൈവത്തിന്റെ കരുണാവാതിൽ മുട്ടിക്കൊണ്ടേയിരിക്കണം. മുട്ടിക്കൊണ്ടിരിക്കുന്നതിന് ക്രിസ്തു തന്നെ. ഒരു ഉപമ ഈ അദ്ധ്യായത്തിൽ ഓർമ്മിക്കുന്നു. (വി. ലൂക്കോസ് 11:5-8).

സ്നേഹിതൻ വന്ന് അപ്പത്തിനായി മുട്ടുന്ന ഉപമ. ഇത് മുട്ടിപ്പായുള്ള പ്രാർത്ഥനയുടെ അർത്ഥം മനസ്സിലാക്കിത്തരുന്നു.

ക്രിസ്തു വിഭാവനം ചെയ്യുന്ന വ്യവസ്ഥകൾ ജീവിതത്തിൽ നാം പ്രാവർത്തികമാക്കുവാൻ ശ്രമിക്കണം. ശ്രമിച്ചാൽ പോരാ, ജീവിതത്തിൽ അതു നിറവേറ്റണം. പ്രാർത്ഥനാ ജീവിതം സൃഷ്ടിച്ചെടുക്കണം.

"പ്രാർത്ഥന ആത്മാവിന്റെ ശ്വാസമാണ്; ശ്വാസമില്ലെങ്കിൽ ആത്മാവും മരിക്കുന്നു." - സെന്റ് അഗസ്റ്റിൻ.

(2) പിതൃപുത്രബന്ധത്തിന്റെ മാഹാത്മ്യം

വി. ലൂക്കോസ് 11: 11-13

പിതൃപുത്ര ബന്ധത്തിന്റെ മാഹാത്മ്യം സാധാരണ ഉദാഹരണങ്ങൾമൂലം കർത്താവ് ബോദ്ധ്യപ്പെടുത്തുന്നു. പുണ്യ ജീവിതക്കുറവുള്ളവർ പോലും മക്കളോടുള്ള കരുതൽ കാണിക്കുന്ന സ്ഥിതിക്ക്, സ്നേഹമുള്ള പിതാവായ ദൈവം വല്ല നന്മയും നിഷേധിക്കുമോ?യാചന സാധിപ്പിച്ചുതരും എന്നല്ല കർത്താവിന്റെ വാഗ്ദാനം പരിശുദ്ധാത്മാവിനെ തരും എന്നതാണ്.

"ദൈവം നൽകുന്ന ഏറ്റവും വലിയ ദാനം പരിശുദ്ധാത്മാവിനെയാണ്." - സെന്റ് സിറിൽ ഓഫ് അലക്സാന്ത്രിയ

1. ദോഷികളായ പിതാക്കന്മാർ തങ്ങളുടെ മക്കൾ അപ്പം ചോദിച്ചാൽ കല്ലു കൊടുക്കുമോ?

(അപ്പം പോലെ കാണുന്ന കനം കുറഞ്ഞ കല്ലുകൾ ഇല യഹൂദ്യായിലെ വെള്ളപ്പാച്ചിലിൽ രൂപംകൊണ്ട കല്ലുകൾ അപ്പം പോലെ തോന്നിക്കും)

2. മീനിനെ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ?

(മീൻപോലെ തോന്നിക്കുന്ന ചില ഉരകങ്ങൾ അവിടെ ഉണ്ട്).

3. മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ?

(ഒരു തരം വെളുത്ത തേളുകൾ. ചുരുണ്ടു കൂടിയാൽ മുട്ടപോലെ തോന്നിക്കും).

ദോഷികളായ നിങ്ങളുടെ മക്കൾക്ക് എത്ര ശ്രേഷ്ഠമായ ഭോജനം നൽകുവാൻ താൽപര്യത്തോടെ ഇരിക്കുമ്പോൾ നല്ലവനായ സ്വർഗ്ഗസ്ഥ പിതാവ് പരിശുദ്ധാത്മാവിനെ എത്ര അധികം നൽകും.

"അപ്പനു മക്കളോടു കരുണ തോന്നുന്നപോലെ, യഹോവയ്ക്കു തന്റെ ഭക്തന്മാരോടു കരുണ തോന്നുന്നു." (സങ്കീ. 103:13).

"ഞങ്ങൾ ചോദിക്കുന്നതു ഭൗതിക അനുഗ്രഹങ്ങൾ ആണെങ്കിലും, ദൈവം നമ്മെ ആത്മീയ അനുഗ്രഹങ്ങൾക്കു തയ്യാറാക്കുന്നു." - തെർത്തുല്യൻ.

(3) ദൈവരാജ്യത്തിന്റെ ശക്തി

വി. ലൂക്കോസ് 11:14-20

ഊമനായവനിൽ നിന്ന് ഭൂതത്തെ പുറത്താക്കുന്നു. ഇതുമൂലം യേശു തന്നെയാണ് മശിഹായെന്നു ജനം വിചാരിപ്പാൻ തുടങ്ങി. ഊമൻ സംസാരിക്കുന്നത് ജനം കണ്ട് അത്ഭുതപ്പെട്ടു. യേശുവിൽ അഭയം പ്രാപിക്കുന്നവൻ വ്യത്യാസപ്പെടുകതന്നെ ചെയ്യും എന്നതിന്റെ മറ്റൊരു തെളിവ്. സാമാന്യജനം അത്ഭുതപ്പെട്ടു. ശത്രുതയ്ക്ക് നന്മ കാണാൻ കണ്ണില്ല. വിമർശനങ്ങൾ മാത്രം. കഠിനമായ അസൂയയാൽ പ്രേരിതനായി സ്വന്ത മനഃസാക്ഷിക്കുതന്നെ വിരുദ്ധമായിട്ട് പറയുന്നു, ഭൂതങ്ങളുടെ തലവനെക്കൊണ്ട് ഭൂതങ്ങളെ പുറത്താക്കുന്നു. ക്രിസ്തു മറുപടി നൽകി, ഒരു രാജ്യമോ, പട്ടണമോ, ഭവനമോ എന്തായാലും അന്തഃഛിദ്രത്തിനു വിധേയമായി തീർന്നാൽ അതു നശിക്കാതെ തരമില്ല. ദൈവരാജ്യം വരുമ്പോൾ ദുഷ്ടതയുടെ രാജ്യം കീഴടക്കപ്പെടും.

"ക്രൂശ് തന്നെയാണ് സാത്താനെ ജയിച്ച യുദ്ധഭൂമി."

"എന്നാൽ ദൈവത്തിന്റെ ശക്തികൊണ്ടു ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു സ്പഷ്ടം."

വി. ലൂക്കോസ് 11:20

സഭയുടെജീവിതം ഇതിന്റെ തെളിവാണ്. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിലൂടെ ലോകത്ത് ദൈവരാജ്യം പ്രവർത്തിക്കുന്നു.

"ദൈവരാജ്യം ഏകത്വത്തിലാണ് നിലകൊള്ളുന്നത്, ദുഷ്ടന്റെ രാജ്യം വിഭജിക്കപ്പെട്ടിരിക്കുന്നു." - സെന്റ് അഗസ്റ്റിൻ.

പ്രധാന പാഠങ്ങൾ

1. പ്രാർത്ഥന ഒരിക്കലും ഉപേക്ഷിക്കരുത്. ദൈവത്തിന്റെ സമയത്ത് ഉത്തരം ലഭിക്കും.

2. യഥാർത്ഥ സമ്മതം പരിശുദ്ധാത്മാവിനെ പ്രാപിക്കലാണ്. ലോക സമ്പത്തല്ല. ആത്മീയ സമ്പത്താണ് പ്രധാനം. തിരിച്ചറിയുക.

3. ദൈവരാജ്യം നമ്മുടെ ഇടയിൽ - വി. കുർബ്ബാനയിൽ, പ. സഭയിൽ, വിശ്വാസ ജീവിതത്തിൽ.



കുവൈറ്റ് ഓർത്തഡോക്സ് കുടുംബാഗങ്ങളുടെ സംഗമം പാത്താമുട്ടം സ്തേഫാനോസ് മാർ തേവോദോസിയോസ് മെമ്മോറിയൽ മിഷൻ സെന്ററിൽ നടത്തി. അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷത വഹിച്ചു. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രപ്പോലീത്താ അനുഗ്രഹ പ്രഭാഷണവും കോട്ടയം ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ മുഖ്യ പ്രഭാഷണവും നടത്തി.



തൃശൂർ ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ മിലിത്തോസ് റിട്ടയർമെന്റിനു ശേഷം താമസിക്കുവാനായി പണിതു കൂദാശ ചെയ്ത ഭവനത്തിൽ ഓഗസ്റ്റ് 18-നു ഗൃഹപ്രവേശനം നടത്തി.



ഇൻഡിവുഡ് മീഡിയ എക്സലൻസ് അവാർഡ് ഷിജോ കുര്യന്

കായിക മേഖലയിലെ റിപ്പോർട്ടിങ്ങിന് ഇൻഡിവുഡ് മീഡിയ എക്സലൻസ് അവാർഡ് മീഡിയ വണിലെ ചീഫ് ബ്രോഡ്കാസ്റ്റ് ജേർണലിസ്റ്റ് ഷിജോ കുര്യന്. മുണ്ടക്കയം പൈങ്ങണ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകാംഗമാണ്.



ഓതറ സെന്റ് ജോർജ്ജ് ദയറാംഗമായ ഫാ. എബി സി. ഫിലിപ്പിനെ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് അപ്രേം എന്ന പേരിൽ പൂർണ സന്ന്യാസ പദവിയായ റമ്പാൻ സ്ഥാനത്തേക്കുയർത്തി. തോട്ടയ്ക്കാട് മാർ അപ്രേം ഓർത്തഡോക്സ് പള്ളിയാണ് മാതൃ ദൈവാലയം.

Church Calendar

Second Sunday after the Festival of the Dormition of St. Mary



Fr Aaron Joshua John

The Second Sunday after the Festival of the Dormition of St. Mary invites us to reflect deeply on prayer, vigilance, and the coming of God's Kingdom.

The Gospel passages from St. Luke present powerful teachings on persistent prayer and the humility required to enter the Kingdom of God. These teachings remind us that faith is both a matter of persistent trust and sincere openness to God's grace. The Old Testament readings focus on human frailty and the brevity of life, emphasizing the need to live wisely and righteously before the Lord. The Psalms cry out for God's protection amid increasing wickedness and deceit in the world. The New Testament epistles challenge believers to live in spiritual readiness, knowing that the day of the Lord will come suddenly. Together, these readings guide us toward a faith that perseveres in prayer and stays alert for the fulfilment of God's promises.

1. Persistent Prayer and Faithful Trust

In the evening Gospel (Luke 18:1–8), Jesus teaches the parable of the persistent widow. The widow's relentless appeals to the unjust judge symbolize the perseverance we must have in prayer. Jesus encourages us not to lose heart, assuring that God, who is just and merciful, will bring about justice for His chosen ones who cry out day and night. This parable challenges believers to cultivate unwavering faith, especially when answers seem delayed. It is a call to keep trusting God's timing and to remain active in prayer, knowing that God's justice will ultimately prevail. The morning Gospel (Luke 18:9–17) further highlights the humility required to enter the Kingdom, contrasting the proud Pharisee with the repentant tax collector. Jesus blesses those who approach God like little children, dependent, trusting, and open-hearted.

Together, these readings invite us into a relationship of persistent dialogue with God, prayer not as a mere ritual, but as an expression of deep, ongoing trust in God's providence.

2. Living with Vigilance and Hope Amid Human Frailty

The readings before Holy Qurbana bring us face to face with human limitations and the urgency of righteous living. Genesis 6:3–12 recalls the corruption and violence that provoked God's judgment in the time of Noah, a stark reminder of how sin disrupts creation and invites divine intervention. Ecclesiastes 7:1–7 reflects on the wisdom of mourning, humility, and sober living, teaching us that the brevity of life demands thoughtful, righteous choices. Psalm 12 echoes the cry for protection in a world where lies and deceit abound. This Psalm's plea resonates with the call to remain vigilant in faith and morals. The New Testament readings intensify this message: 2 Peter 3:8–14 reminds us that God's timing differs from ours, but the promise of the new heavens and new earth is sure. Meanwhile, 1 Thessalonians 5:1–11 exhorts believers to stay alert and sober, like watchful children of the light, prepared for the coming day of the Lord, which will arrive unexpectedly. The Gospel at Holy Qurbana (Luke 11:9–20) encourages boldness in prayer and the assurance that God will respond. It also warns about the power of Christ's Kingdom actively breaking into the world, urging



us to recognize God's presence and act accordingly.

The Second Sunday after the Festival of the Ascension of St. Mary calls us into a faith marked by persistent prayer, humble trust, and spiritual vigilance. Like the widow who would not give up and the childlike tax collector, we are invited to approach God with unwavering hope and humility. At the same time, the scriptures remind us of our human frailty and the importance of living wisely and righteously, always ready for the coming of God's Kingdom. Mary's assumption into heaven points us toward the ultimate fulfilment of God's promises, where prayer and perseverance meet the glory of eternal life.

As we journey through this Sunday, may we renew our commitment to prayer, embrace God's mercy with humility, and live with the watchfulness that honours the coming of Christ. In this way, we remain faithful children of God, eagerly awaiting the day when all things will be made new.




Dr. Nijita Mathew (Daughter of Mr. T.P. Mathew & Mrs. Mini Mathew, Member of St. George Orthodox Church, Dwarka, (NSUT Campus) on being awarded her Ph.D, in Materials Science from the Jawaharlal Nehru Centre for Advanced Scientific Research (JNCASR), Bangalore.

വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ (VIT) നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ പി.എച്ച്.ഡി കരസ്ഥമാക്കിയ റോഷൻ വർഗീസ്. നിരണം ഭദ്രാസനത്തിലെ കല്ലൂപ്പാറ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളിയാണ് മാതൃഇടവക.



മറുപുറം

ടോം ആൻഡ് ജെറി



(ഭയപ്പെടുത്തുന്ന മനുഷ്യരും ഭയന്നിരിക്കുന്ന മനുഷ്യർക്കും ഇടയിലാണ് ലോകം)

ഫാ. അജീഷ് ബാബു

എലിയെ പിടിക്കുവാൻ ഓടുന്ന പൂച്ച (Tom & Jerry) നാം എത്രയോ നാൾ കൊണ്ട് കാണുകയാണ് പക്ഷേ ഇന്നുവരെ പൂച്ചയ്ക്ക് എലിയെ തിന്നുവാൻ കഴിഞ്ഞിട്ടില്ല. എലിക്ക് പിന്നാലെ പിന്നാലെ ഓടി കിതച്ച് നിൽക്കുന്ന പൂച്ച നിരന്തരം പരിഹസിക്കപ്പെടുകയാണ്.

William Hanna & Joseph Barbera രണ്ട് അനിമേഷൻ പ്രതിഭകൾ MGM Studios ജോലി ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ഈ പരമ്പര രൂപപ്പെട്ടത്. ആദ്യ എപ്പിസോഡ് 1940, 'Puss Gets the Boot' എന്ന പേരിൽ പുറത്തിറങ്ങി. ടോമിന്റെ പേര് ആദ്യം ജാസ്പർ (Jasper) ആയിരുന്നു, ജെറിയെ 'the mouse' എന്നാണ് വിളിച്ചത്. ഈ കാർട്ടൂണിന് പിന്നീട് ഒരുപാട് അവാർഡുകൾ ലഭ്യമായി എന്നത് വലിയ സത്യമാണ്. ഭയപ്പെടുത്താനും കീഴടക്കാനും ഭക്ഷണമായി തീരാനും ഒക്കെ വിധിക്കപ്പെട്ട ഇരയാണ് ബുദ്ധിയും വേഗതയുള്ള എലിയാണ് ജെറി. ജെറി ടോമിന്റെ കപടതകളെ മറികടക്കുകയും പലപ്പോഴും അതിൽ വിജയിക്കുകയും ചെയ്യുന്നു. വിജയിയായി മാറുന്നതിലൂടെ ചെറിയതും ധൈര്യവാനുമായ നായകനാണ് ജെറി. ആഡംബരമായി ജീവിക്കുന്ന ടോം പരിശ്രമങ്ങളിൽ വിജയം കാണാത്ത വേട്ടക്കാരനാണ്. ഭയപ്പെട്ട് ഓടുന്ന ജെറി അപകടങ്ങളിൽ നിന്നും രക്ഷപ്പെടുമ്പോൾ ഭയപ്പെടുത്തുന്ന ടോം വലിയ അപകടങ്ങളിലാണ് വീഴുന്നത്.

ഭയപ്പെടുത്തുന്ന മനുഷ്യരും ഭയന്നിരിക്കുന്ന മനുഷ്യർക്കും ഇടയിലാണ് ഈ ലോകം എന്നത് ഒരു പൊതു തത്വമാണ്.

എന്തിനാണ് ഇങ്ങനെ ഭയപ്പെടുത്തുന്നത്, അതിനു കാരണം ഭയപ്പെടുത്തുന്നവർക്കുണ്ടാകുന്ന 'നിയന്ത്രണ താത്പര്യങ്ങളിൽ' നിന്നാണ്. അതും അല്ലെങ്കിൽ ഭയപ്പെടുത്തുന്നവർക്ക് ഭയന്നിരിക്കുന്നവരെ വലിയ ഭയമാണ്. ഭയന്നിരിക്കുന്നവരുടെ കൈകളിലേക്ക് തങ്ങൾ അകപ്പെട്ടു പോയാൽ ജീവിതം എന്നന്നേക്കുമായി നഷ്ടപ്പെട്ടുപോകും എന്ന ഭയം അവരിൽ ആഴത്തിൽ ഉണ്ട്.

സത്യത്തിൽ ഇവിടെ ആർക്കാണ് ഭയം കൂടുതലുള്ളത് ഭയപ്പെടുത്തുന്നവർക്കോ? അതോ ഭയപ്പെട്ടു കഴിയുന്നവർക്കോ?.

ഭയന്നിരിക്കുന്ന മനുഷ്യർ സമൂഹത്തിൽനിന്ന് അകന്നിരിക്കുന്ന വരാണെന്ന് ഭയപ്പെടുത്തുന്നവർക്ക് തോന്നും. എന്നാൽ ഭയം, സ്വയം കീഴടങ്ങാത്തവന്റെ പ്രതിരോധമാണ്. ഭയപ്പെടുന്നവർ ഭയപ്പെടുത്തുന്നവരോട് പാലിക്കുന്ന ഒരു അകലമുണ്ട് അത് അപകടങ്ങളിൽ നിന്ന് സ്വയം ഒഴിഞ്ഞുമാറുവാൻ ഭയപ്പെടുന്നവൻ സ്വീകരിക്കുന്ന വഴിയാണ്.

ഭയം എന്നത് മസ്തിഷ്കത്തിൽ ആരംഭിച്ചു, ഹോർമോണുകൾ വഴി ശരീരത്തിലേക്ക് വ്യാപിച്ചുള്ള പ്രതികരണമാണ്, അതിലൂടെ നമ്മൾ അപകടങ്ങൾക്കു നേരെ സ്വയം സംരക്ഷിക്കാൻ ശ്രമിക്കുന്നു.

ഭയപ്പെടാതെ സഞ്ചരിച്ചിരുന്ന ഗുരുവിൽ നിന്നാണ് ദൈവരാജ്യത്തിന്റെ വ്യാപനം.


ഒരിക്കൽ ഉണ്ടായ ഒരു സംഭവം:

ചില പരീശന്മാർ അടുത്തുവന്ന്: ഇവിടം വിട്ടു പൊയ്ക്കൊൾക; ഹെരോദാവ് നിന്നെ കൊല്ലുവാൻ ഇച്ഛിക്കുന്നു എന്ന് അവനോടു പറഞ്ഞു. അവൻ അവരോട് പറഞ്ഞത്: നിങ്ങൾ പോയി ആ കുറുക്കനോട്: ഞാൻ ഇന്നും നാളെയും ഭൂതങ്ങളെ പുറത്താക്കുകയും രോഗശാന്തി വരുത്തുകയും മൂന്നാം നാളിൽ സമാപിക്കയും ചെയ്യും (ലൂക്കോസ് 13:31).

ഭയപ്പെടുത്തിയ മനുഷ്യർക്കെല്ലാം ഒരു പരിധിയുണ്ടായിരുന്നു. ക്രൂശിച്ചു കൊല്ലുന്നതോടു കൂടി അവസാനിച്ച പിന്തിരിഞ്ഞു പോകും എന്ന് ചിന്തിച്ചിരുന്ന അധികാരികളായിരുന്നു. പിന്നീട് ഏതാണ്ട് 350 വർഷത്തോളം പത്തു റോമൻ രാജാക്കന്മാർ ഭയപ്പെടുത്തി പൂർണ്ണമായും ഇല്ലാതെയാക്കാനുള്ള ശ്രമം നടത്തി. പക്ഷേ ഭയപ്പെടുത്തിയ മനുഷ്യർ പൂർണ്ണ പരാജയമായിരുന്നു എന്നത് ചരിത്രം ശരിവെക്കുന്നതാണ്. ഭയപ്പെടുത്തി അവരെ കുറിച്ചുള്ള ഓർമ്മകൾ മങ്ങി ഭയപ്പെട്ടവരെ കുറിച്ചുള്ള ഓർമ്മകൾ ജീവന്റെ വാർത്തയായി, എല്ലാ കാലത്തേക്കുമുള്ള അതിജീവനത്തിന്റെ വാർത്ത.

സുഹൃത്തേ,

ടോം ഇന്നുവരെ ജയിച്ചില്ല, ജെറിക്ക് പിന്നാലെ ഓടിക്കൊണ്ടിരിക്കുന്നു.



ഭയപ്പെടാതെ നിങ്ങൾ നായകനായ സ്വപ്നം കണ്ട് ജീവിക്കൂ. നിങ്ങളുടെ സ്വപ്നങ്ങളിലെ അഭിനേതാക്കൾ ആരായാലും, മുഖ്യ അഭിനേതാവ് എപ്പോഴും നിങ്ങളാണ്. നായകൻ, അഥവാ നായിക. അതുകൊണ്ട് ഉറക്കത്തിലെ സ്വപ്നങ്ങളെല്ലാംതന്നെ ആത്മകഥകളാണ്, കഥകളല്ല. ആത്മകഥകൾ മുഴുമിക്കുന്നില്ല, ഒരു ഘട്ടത്തിൽവെച്ച് മുറിക്കപ്പെടുന്നതേയുള്ളൂ. ഉണർവ്വിനാൽ മുറിക്കപ്പെടുമ്പോഴാകട്ടെ നിങ്ങൾക്ക് നിങ്ങളുടെ ഓരോ സ്വപ്നവും വിഡ്ഢിത്തമായി തോന്നും. ഫാന്റസി, അസംബന്ധം, ഭ്രാന്ത്. ഉണർവ്വ് അസംബന്ധമെന്ന് വിധിക്കുന്നതു കൊണ്ട് ഈ ആത്മകഥകളെ നമ്മൾ കഥകളായി കാണുന്നു. കഥകളായി മാത്രം. കഴിവുള്ള ചില എഴുത്തുകാർ അവയെ കഥകളും നോവലുകളുമായി മാറ്റിയേക്കും.

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

- പ. പരുമല തിരുമേനി